# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം:421 | 26/03/2007-ൽ മറുപടിക്ക്

## വൈദ്യുതി ബോർഡ് പുന:സംഘടിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, എം.എൽ.എ.<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്, എം.എൽ.എ.<br>ശ്രീ.പി.കെ. അബ്ദുറബ്ബ്,എം.എൽ.എ. | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |

എ. വൈദ്യുതി ബോർഡ് പുന: സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

എ യും ബി യും സി യും

വൈദ്യുതി ബോർഡ് പുന: സംഘടിപ്പിക്കാൻ തീരുമാനമെടുത്തിട്ടില്ല. എന്നാൽ വൈദ്യുതി നിയമം 2003 ന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.യെ നിലവിലുള്ള രൂപത്തിൽ നിലനിർത്താൻ കഴിയാത്തതുകൊണ്ട് ഇതിനെ പുന:സംഘടിപ്പിച്ച് ഒറ്റ കുടക്കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായി നിലനിർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി താഴെപ്പറയുന്നവർ അംഗങ്ങളായി ഒരു നാലംഗ കമ്മിറ്റി 18-11-2006 ലെ സർക്കാർ ഉത്തരവ് നം.28/06/പി.ഡി. തിരുവനന്തപുരം പ്രകാരം കേരള സർക്കാർ രൂപീകരിച്ചിട്ടുണ്ട്. എത്രയുംവേഗം റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. കമ്മിറ്റിയുടെ പ്രവർത്തനത്തിന് എന്തു തുക വരുമെന്ന് കണക്കാക്കിയിട്ടില്ല. എന്നാൽ ഇതുവരെ ഇക്കാര്യത്തിന് തുകയൊന്നും സർക്കാർ ചെലവഴിച്ചിട്ടില്ല.

ബി. കെ.എസ്.ഇ.ബി. പുന: സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഏജൻസിയേയോ കമ്മിറ്റി യേയോ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ്; കമ്മിറ്റി അംഗങ്ങൾ ആരൊക്കെയാണ്, എത്ര കാല പരിധിക്കുള്ളിലാണ് റിപ്പോർട്ട്

അനുബന്ധം I

1) ശ്രീ.എം.കെ. ദാമോദരൻ
2) " പി.എ. സിദ്ധാർത്ഥമേനോൻ
3) " കെ.ആർ. ഉണ്ണിത്താൻ
4) പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്, കേരള സർക്കാർ

ഇതര സംസ്ഥാനങ്ങളിൽ വൈദ്യുതി മേഖലയിൽ

*(അനുബന്ധം ഇതേ ദിവസത്തെ ഉത്തരത്തോടൊപ്പം ചേർത്തിരിക്കുന്നത് നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

| | | | |
|---|---|---|---|
| | സമർപ്പിക്കാൻ കമ്മിറ്റിയോട് ആവശ്യപ്പെട്ടിരിക്കുന്നത്. കമ്മിറ്റിയുടെ നടത്തിപ്പിന് എന്തു തുക ചെലവാകും; അതിൽ ഇതുവരെ എന്തു തുക ചെലവു ചെയ്തു ; | | നടത്തിയ പുന:സംഘടനയും അവയുടെ പുരോഗതിയും ഫലങ്ങളും 2003 ലെ ഇലക്ട്രിസിറ്റി ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് കേരളത്തിലെ ഊർജ്ജ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങളും, അവയുടെ പ്രത്യാഘാതങ്ങളും ആണ് പൊതുവിൽ കമ്മിറ്റിയുടെ പരിഗണനയിലുള്ളത്. |
| സി. | കമ്മിറ്റിയുടെ പരിഗണന യിലുള്ള വിഷയങ്ങൾ എന്തൊക്കെയാണ്; | സി. | |
| ഡി. | ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേ ശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ? | ഡി. | ഉത്തരം അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 422 — 26.3.2007 ൽ മറുപടിക്ക്

## സിമന്റ് വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ടി. എ. റഹീം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം. എം. മോനായി<br>ശ്രീമതി. കെ. കെ. ലതിക | ഡോ. ടി. എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര ബഡ്ജറ്റിൽ എക്സൈസ് തീരുവയിൽ മാറ്റം വരുത്തിയതിനെ തുടർന്ന് കേരളത്തിൽ സിമന്റ് വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഏതെല്ലാം ഇനം സിമന്റുകൾക്ക് എന്തു മാത്രം വില വർദ്ധനവ് ഉണ്ടായി; | (ബി) സിമന്റ് ഒരുചാക്കിന് ചില്ലറ വിൽപനയിൽ താഴെ പറയും പ്രകാരം വില വർദ്ധിച്ചു.<br>എ.സി.സി.സിമന്റ് .. 12 രൂപ വർദ്ധിച്ചു<br>ശങ്കർ സിമന്റ് .. 13 രൂപ വർദ്ധിച്ചു.<br>മലബാർ സിമന്റ് .. 12 രൂപ വർദ്ധിച്ചു<br>ബിർള സിമന്റ് .. 10 രൂപ വർദ്ധിച്ചു |
| (സി) എക്സൈസ് തീരുവയിൽ മാറ്റം വരുത്തിയത് സിമന്റു വിലയെ ബാധിക്കില്ല എന്ന കേന്ദ്ര ധനകാര്യ മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) 2007...08 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അത്തരം പരാമർശം ഇല്ല.. |
| (ഡി) എങ്കിൽ സിമന്റിന്റെ വില വർദ്ധനവ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹാരം കാണാൻ ശ്രമിക്കുമോ? | (ഡി) ശ്രമിക്കും |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം:423 — 26/03/2007-ൽ മറുപടിക്ക്

## മുൻ സർക്കാർ വൈദ്യുതി ചാർജ് കുറച്ച നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പ്രൊഫ.കെ.വി.തോമസ് എം.എൽ.എ<br>ശ്രീ. എം.മുരളി.എംഎൽ.എ.<br>ശ്രീ.കെ.സുധാകരൻ.എം.എൽ.എ.<br>ശ്രീ. വർക്കല കഹാർ.എം.എൽ.എ. | | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |
| എ. മുൻ സർക്കാരിന്റെ കാലത്ത് എത്ര പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു; | എ. | മുൻ സർക്കാരിന്റെ കാലത്ത് രണ്ടു പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുകയുണ്ടായി. 10/08/2001-ലും , 10/01/2002-ലും |
| ബി. മുൻ സർക്കാർ അധികാരത്തിലേറുമ്പോഴും അധികാരം ഒഴിയുമ്പോഴും ഒരു യൂണിറ്റ് വൈദ്യുതിയുടെ ചാർജ്ജ് എത്ര വീതമായിരുന്നു; | ബി. | മുൻ സർക്കാർ 2001 മെയ് മാസത്തിൽ അധികാരത്തിൽ വരുമ്പോഴും 2006-മെയ് മാസത്തിൽ അധികാരം ഒഴിയുമ്പോഴും വിവിധ തരം ഉപഭോക്താക്കൾക്കു് നിലവിലുണ്ടായിരുന്ന നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| സി. ഇപ്പോൾ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് വർദ്ധിപ്പിക്കുന്നത്; | സി. | ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ബോർഡ് സമർപ്പിക്കുന്ന വാർഷിക വരവു ചെലവു കണക്കുകൾ പരിശോധിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. |
| ഡി. മുൻ സർക്കാർ വൈദ്യുതി ചാർജ്ജ് കുറച്ചത് ശരിയായ നടപടിയായിരുന്നില്ലെന്ന് സർക്കാർ കരുതുന്നുണ്ടോ; | ഡി. & ഇ. | മുൻ സർക്കാർ 01/01/2006 മുതൽ വൈദ്യുതി ചാർജ്ജ് കുറച്ച നടപടിക്ക്, ധനകാര്യ വകുപ്പിന്റെയും മന്ത്രി സഭയുടെയും അംഗീകാരം ഉണ്ടായിരുന്നില്ല. അതിനാൽ ഈ നടപടി മൂലം വൈദ്യുതി ബോർഡിന് പ്രതിമാസം 10 കോടി രൂപയുടെ റവന്യൂ നഷ്ടമുണ്ടായിട്ടുണ്ട്. |
| ഇ. എങ്കിൽ അതിന്റെ കാരണം വിശദീകരിക്കുമോ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

അനുബന്ധം * 4-23

**മുൻസർക്കാർ അധികാരത്തിലേറുമ്പോഴും അധികാരം ഒഴിയുമ്പോഴും ഓരോ വിഭാഗം ഉപഭോക്താക്കളുടെയും യൂണിറ്റൊന്നിനുള്ള വൈദ്യുതി നിരക്ക് താഴെ കൊടുത്തിരിക്കുന്നു.**

(1) ലോടെൻഷൻ എൽ.റ്റി I (എ) ഗാർഹികവിഭാഗം

നിരക്കുകൾ യൂണിറ്റൊന്നിന്

| | 2001 മെയ് | 2006 മെയ് |
|---|---|---|
| ഫിക്സഡ് ചാർജ്ജ് | ഇല്ല | ഇല്ല |
| എനർജി ചാർജ്ജ് (പൈസ/ യൂണിറ്റ്) | | |
| സ്ലാബ് | | |
| 0-40 | 70 | 95 |
| 41-80 | 110 | 170 |
| 81-120 | 130 | 220 |
| 121-150 | 160 | 280 |
| 151-200 | 210 | 345 |
| 201-300 | 265 | 410 |
| 301-500 | 345 | 510 |
| 500 ന് മുകളിൽ | 355 | 525 |

(2) ലോ ടെൻഷൻ എൽ.റ്റി.I (ബി) (ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ച രാഷ്ട്രീയപാർട്ടികളുടെ ഓഫീസുകൾ തുടങ്ങിയവ)

| | 2001 മെയ് | 2006 മെയ് |
|---|---|---|
| ഫിക്സഡ് ചാർജ്ജ് | ഇല്ല | ഇല്ല |
| എനർജി ചാർജ്ജ് (പൈസ/യൂണിറ്റ്) | | |
| സ്ലാബ് | | |
| 0-40 | 105 | 155 |
| 41-80 | 150 | 240 |
| 81-120 | 165 | 280 |
| 121-150 | 195 | 345 |
| 151-200 | 245 | 405 |
| 201-300 | 325 | 505 |
| 300 ന് മുകളിൽ | 425 | 630 |

(3) ലോടെൻഷൻ എൽ.റ്റി. II കോളനി സപ്ലൈ

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഫിക്സഡ് ചാർജ്ജ് (രൂപ/ മാസം) | 1325 | 1990 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 375 | 565 |

(4) ലോടെൻഷൻ എൽ.റ്റി III (പ്രദർശനങ്ങൾ, വൈദ്യുതി അലങ്കാരം, ഉത്സവം മുതലായവയ്ക്കുള്ള താല്ക്കാലിക കണക്ഷൻ)

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഫിക്സഡ് ചാർജ്ജ് (രൂപ/കി.വാട്ട്) അല്ലെങ്കിൽ | 90 | 135 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 900 | 1350 |

(5) ലോടെൻഷൻ എൽ.റ്റി IV വ്യാവസായികം

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഫിക്സഡ് ചാർജ്ജ് (രൂപ/കി.വാട്ട് /മാസം) | 35 | 45 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 220 | 325 |

(6) ലോടെൻഷൻ എൽ.റ്റി.V കാർഷികം

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഫിക്സഡ് ചാർജ്ജ് (രൂപ/കി.വാട്ട് /മാസം) | 5 | 6 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 50 | 65 |

(7) ലോടെൻഷൻ എൽ.റ്റി VI (എ) അമ്പലങ്ങൾ, പള്ളികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ലൈബ്രറികൾ, സർക്കാർ ആശുപത്രികൾ മുതലായവ

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഫിക്സഡ് ചാർജ്ജ് (രൂപ/കി.വാട്ട് /മാസം) | 25 | 40 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | | - |
| 0-500 | 255 | 385 |
| 500 ന് മുകളിൽ | 345 | 520 |

(8) ലോടെൻഷൻ എൽ.റ്റി VI (ബി) കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ഓഫീസുകളും സ്ഥാപനങ്ങളും , പ്രൈവറ്റ് ആശുപത്രികൾ മുതലായവ

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഫിക്സഡ് ചാർജ്ജ് (രൂപ/കി.വാട്ട് /മാസം) | 35 | 55 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | | |
| 0-500 | 300 | 450 |
| 500 ന് മുകളിൽ | 390 | 590 |

(9) ലോടെൻഷൻ എൽ.റ്റി. VI (സി) വാട്ടർ അതോറിറ്റി ഓഫീസുകൾ, കെ.എസ്.ആർ.റ്റി.സീ ഓഫീസുകൾ, റെയിൽവേ സ്റ്റേഷനുകളും ബന്ധപ്പെട്ട ഓഫീസുകളും, ബാങ്കുകൾ, സെയിൽസ് ടാക്സ് ഓഫീസുകൾ മുതലായവ

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഫിക്സഡ് ചാർജ്ജ് (രൂപ/കി.വാട്ട് /മാസം) | 115 | 170 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | | |
| 0-500 | 450 | 675 |
| 500 ന് മുകളിൽ | 570 | 860 |

(10) ലോടെൻഷൻ എൽ.റ്റി. VI (ഡി) അനാഥാലയങ്ങൾ, ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായുള്ള സ്കൂളുകളും ഹോസ്റ്റലുകളും മുതലായവ

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഫിക്സഡ് ചാർജ്ജ് (രൂപ/കി.വാട്ട് /മാസം) | - | - |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | | - |
| 0-100 | 60 | 75 |
| 100 ന് മുകളിൽ | 70 | 85 |
| മിനിമം താരിഫ് / മാസം | | |
| സിംഗിൾ ഫേസ് | 10 രൂപ / മാസം | 15 രൂപ / മാസം |
| ത്രീ ഫേസ് | 20 രൂപ / മാസം | 25 രൂപ / മാസം |

(11) ലോടെൻഷൻ എൽ.റ്റി. VII (എ) വാണിജ്യ സ്ഥാപനങ്ങൾ, ബി.എസ്.എൻ.എൽ ഓഫീസുകൾ മുതലായവ

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഫിക്സഡ് ചാർജ്ജ് (രൂപ/കി.വാട്ട് /മാസം) | | |
| സിംഗിൾ ഫേസ് | 25 | 50 |
| ത്രീഫേസ് | 45 | 100 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | | |
| 100 യൂണിറ്റ് വരെ | 450 | 545 |
| 200 യൂണിറ്റ് വരെ | 500 | 605 |
| 300 യൂണിറ്റ് വരെ | 555 | 675 |
| 500 യൂണിറ്റ് വരെ | 600 | 730 |
| 500 യൂണിറ്റിന് മുകളിൽ | 660 | 805 |

(12) ലോടെൻഷൻ എൽ.റ്റി. VII (ബി) 1000 വാട്ടിന് താഴെയുള്ള പെട്ടിക്കടകൾ, ഹോട്ടലുകൾ, ടെലഫോൺ ബൂത്തുകൾ മുതലായവ

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഫിക്സഡ് ചാർജ്ജ് (രൂപ/കി.വാട്ട് /മാസം) | 25 | 30 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | | |
| 100 യൂണിറ്റ് വരെ | 195 | 330 |
| 100 യൂണിറ്റിന് മുകളിൽ | 430 | 520 |

(13) ലോടെൻഷൻ എൽ.റ്റി. VII (സി) സിനിമാശാലകൾ, സർക്കസ് കൂടാരങ്ങൾ മുതലായവ

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഫിക്സഡ് ചാർജ്ജ് (രൂപ/കി.വാട്ട് /മാസം) | 65 | 80 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | | |
| 1000 യൂണിറ്റ് വരെ | 350 | 440 |
| 1000 യൂണിറ്റിന് മുകളിൽ | 470 | 590 |

(14) ലോടെൻഷൻ എൽ.റ്റി. VII (ഡി) 1000 മുതൽ 2000 വാട്ടുവരെ കണക്ടഡ് ലോഡുള്ള ഹോട്ടലുകൾ മുതലായവ

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഫിക്സഡ് ചാർജ്ജ് (രൂപ/കി.വാട്ട് /മാസം) | 25 | എൽ.റ്റി. VII (എ) വാണിജ്യ വിഭാഗത്തിൽ ലയിപ്പിച്ചിരിക്കുന്നു. |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | | |
| 100 യൂണിറ്റ് വരെ | 335 | |
| 200 യൂണിറ്റ് വരെ | 490 | |
| 200 യൂണിറ്റിന് മുകളിൽ | 550 | |

(15) ലോടെൻഷൻ എൽ.റ്റി. VIII -നിലവിലുള്ള ഉപഭോക്താവിൽ നിന്നുമുള്ള താല്ക്കാലിക എക്സ്റ്റൻഷൻ

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഫിക്സഡ് ചാർജ്ജ് (രൂപ/കി.വാട്ട് /ദിവസം) | 30 | 50 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | അതാത് ഉപഭോക്താവിന്റെ ബില്ലിൽ ഉൾപ്പെടുത്തുന്നതാണ്. | |

(16) ഹൈടെൻഷൻ എച്ച്.ടി. I – 11 കെ.വി / 22 കെ.വി. വിഭാഗം വ്യാവസായിക ഉപഭോക്താക്കൾ

| | 2001 മേയ് | 2006 മേയ് |
|---|---|---|
| 1. ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | 217 | 270 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 200 | 300 |

(17) ഹൈടെൻഷൻ എച്ച്.ടി. II –വാണിജ്യേതര വ്യാവസായികേതര ഗാർഹിക വിഭാഗം

| | 2001 മേയ് | 2006 മേയ് |
|---|---|---|
| 1. ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | 200 | 300 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 200 | 300 |

(18) ഹൈടെൻഷൻ എച്ച്.ടി. II (ബി) –ഇലക്ഷൻ കമ്മീഷന്റെ അംഗീകാരമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ

| | 2001 മേയ് | 2006 മേയ് |
|---|---|---|
| 1. ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | എച്ച് ടി II – ൽ ഉൾപ്പെടുത്തിയിരിക്കുന്നു | 175 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | | 175 |

(19) ഹൈടെൻഷൻ എച്ച്.ടി. III കാർഷികം

| | 2001 മേയ് | 2006 മേയ് |
|---|---|---|
| 1. ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | 130 | 165 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 105 | 130 |

(20) ഹൈടെൻഷൻ എച്ച്.ടി. IV വാണിജ്യവിഭാഗം

| | 2001 മേയ് | 2006 മേയ് |
|---|---|---|
| 1. ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | 230 | 350 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 215 | 320 |

(21) എക്സ്ട്രാ ഹൈടെൻഷൻ ഇ.എച്ച്.റ്റി. (66 കെ.വി)

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | 207 | 260 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 193 | 290 |

(22) എക്സ്ട്രാ ഹൈടെൻഷൻ ഇ.എച്ച്.റ്റി. (110 കെ.വി)

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | 196 | 245 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 190 | 290 |

(23) റെയിൽവേ ട്രാക്ഷൻ

| | 2001 മെയ് | 2006 മെയ് |
|---|---|---|
| 1. ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | 116 | 230 |
| 2. എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 112 | 225 |

(24) ലൈസൻസികളുടെ താരിഫ് ( ജി–1) (50% ത്തിലധികം എനർജി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നവർ)

| | 2001 മെയ് | 2006 മെയ് |
|---|---|---|
| **1. 11 കെ.വി.** ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | 205 | 255 |
| എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 125 | 215 |
| **2. 66 കെ.വി.** ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | 190 | 240 |
| എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 115 | 205 |
| **3. 110 കെ.വി.** ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | 180 | 225 |
| എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | 100 | 205 |

(25) ലൈസൻസികളുടെ താരിഫ് ( ജി2) (50% അതിലധികം എനർജി സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്നവർ)

| | 2001 മെയ് | 2006 മെയ് |
|---|---|---|
| **1. 11 കെ.വി.**<br>ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | ജി 1 ൽ ഉൾപ്പെടുത്തിയിരുന്നു. | 255 |
| എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | | 275 |
| **2. 66 കെ.വി.**<br>ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | | 240 |
| എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | | 260 |
| **3. 110 കെ.വി.**<br>ഡിമാന്റ് ചാർജ്ജ് (രൂപ/കെ.വി.എ /മാസം) | | 225 |
| എനർജി ചാർജ്ജ് (പൈസ /യൂണിറ്റ്) | | 260 |

(26) പബ്ലിക്ക് ലൈറ്റിംഗ്

| | 2001 മെയ് | 2006 മെയ് |
|---|---|---|
| ഡിമാന്റ് ചാർജ്ജ് രൂപ/ മീറ്റർ / മാസം | 7.50 | 12 |
| എനർജി ചാർജ്ജ് പൈസ /യൂണിറ്റ് | 60 | 90 |

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 424 26.2.2007 ൽ മറുപടിക്ക്

<u>വംശനാശം നേരിടുന്ന മൃഗങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും<br>വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ വനങ്ങളിൽ വംശനാശം നേരിടാൻ സാദ്ധ്യത ഉള്ളതായി കണ്ടെത്തിയിട്ടുള്ള മൃഗങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | എ) ഉണ്ട്.<br>സംസ്ഥാനത്തെ വനങ്ങളിൽ കടുവ, പുള്ളിപ്പുലി, സിംഹവാലൻ കുരങ്ങ്, കരടി, കൂരമാൻ, കരിങ്കുരങ്ങ്, ആന, കാട്ടുപോത്ത്, വരയാട്, ചാമ്പൽ മലയണ്ണാൻ, കുട്ടിത്തേവാങ്ക്, തേവാങ്ക്, മലബാർ വെരുക്, പുള്ളിവെരുക്, വെരുക്, കുറുക്കൻ, കുറുനരി, കാട്ടുപൂച്ച, മരനായ, നീർനായ, കീരി, പാറാൻ, മലയണ്ണാൻ, മീൻ പിടിയൻ പൂച്ച, എന്നിവയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവയെ കൂടാതെ വിവിധയിനം പക്ഷികൾ, ഉരഗങ്ങൾ, ഉഭയജീവികൾ, ചിത്രശലഭങ്ങൾ, കശേരുകികൾ മുതലായവയും, സസ്യങ്ങളും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇവയുടെ വംശനാശം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) വംശനാശം തടയുന്നതിനായി സ്വീകരിച്ച പ്രധാന നടപടികൾ താഴെ പറയുന്നവയാണ് :<br>(i) വനവും വന്യജീവി സംരക്ഷണവും ഉറപ്പു വരുത്തുന്നതിനായി കേരളത്തിലെ വനമേഖലയിൽ 5 ദേശീയോദ്യാനങ്ങളും, 2 പക്ഷി സങ്കേതങ്ങളും, 12 വന്യജീവി സങ്കേതങ്ങളും സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.<br>(ii) വരയാടുകളുടെ സംരക്ഷണത്തിനു വേണ്ടി ഇതിനായി മൂന്നാർ കേന്ദ്രമാക്കി ഇരവികുളം ദേശീയോദ്യാനം സ്ഥാപിച്ചു സംരക്ഷിച്ചു വരുന്നു.<br>(iii) കടുവകളുടെ സംരക്ഷണം ലക്ഷ്യമാക്കിക്കൊണ്ട് പെരിയാർ കടുവാ സങ്കേതം സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്നു. കൂടാതെ രണ്ടാമത്തെ കടുവാ സങ്കേതം പറമ്പിക്കുളം |

കേന്ദ്രമാക്കി രൂപീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(iv) ആനകളുടെ സംരക്ഷണത്തിനു വേണ്ടി സംസ്ഥാനത്ത് ആനകൾ കാണപ്പെടുന്ന മുഴുവൻ വനമേഖലയും ഉൾപ്പെടുത്തി നിലമ്പൂർ, വയനാട്, ആനമുടി, പെരിയാർ എന്നീ 4 എലിഫന്റ് റിസർവ്വുകൾ രൂപീകരിച്ച് സംരക്ഷണം നടത്തി വരുന്നു.

(v) ആനകളുടെ സ്വൈരമായ വിഹാരത്തിനു വേണ്ടി കൊട്ടിയൂർ, ഇടുക്കി എന്നീ സ്ഥലങ്ങളിൽ ആനത്താരകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുത്ത് വനത്തോട് ചേർത്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(vi) വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിലും അതിർത്തിയോട് ചേർന്നു താമസിക്കുന്നതുമായ ജനങ്ങളുടെ പങ്കാളിത്തത്തോടെ വന സംരക്ഷണം ലക്ഷ്യമാക്കി ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നു.

(vii) വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കുന്നതിന് തടയണകൾ നിർമ്മിച്ചും, ജലസ്രോതസ്സുകൾ സംരക്ഷിച്ചും, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും വരുന്നു. കൂടാതെ ഈറ്റ, മുള, ഫലവൃക്ഷങ്ങൾ മുതലായവ വച്ചുപിടിപ്പിച്ച് ആഹാര ലഭ്യത വർദ്ധിപ്പിക്കുന്നു.

(viii) കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ചു അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.

(ix) മൃഗവേട്ടക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും, ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമപ്രകാരം കേസ്സുകളെടുത്ത് കർശന ശിക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.

(x) മൃഗവേട്ട തടയുന്നതിന് കുറ്റകൃത്യങ്ങൾ നടക്കാൻ സാധ്യതയുള്ള പ്രശ്ന പ്രദേശങ്ങളിൽ ആന്റി പോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും, ജീവനക്കാരെ ഫീൽഡ് പട്രോളിങ്ങിനായി സജ്ജമാക്കുകയും അവർക്ക് വാഹനം, വാർത്താ വിനിമയ ഉപകരണങ്ങൾ, ആയുധം, എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| | (xi) വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിൽ ആവശ്യമായ വിവരങ്ങൾ നൽകുന്നവർക്ക് പ്രശംസാപത്രവും, ക്യാഷ് അവാർഡും നൽകുന്നുണ്ട്.<br>(xii) അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ഫീൽഡ്തല ഉദ്യോഗസ്ഥന്മാരുമായും, പോലീസ് ടൈഗർ പാർക്കുകൾ മറ്റും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.<br>(xiii) വനസംരക്ഷണം, വന്യജീവി സംരക്ഷണം, പരിരക്ഷണം എന്നിവയുടെ ആവശ്യകതയെ കുറിച്ച് പൊതുജനങ്ങളിൽ വേണ്ട അവബോധം സൃഷ്ടിക്കുന്നതിന് പ്രകൃതി പഠന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. |
| ഡി) ഈ ഇനത്തിൽപ്പെട്ട മൃഗങ്ങളെ വേട്ടയാടുന്നത് കർശനമായി നിരോധിച്ചിട്ടുണ്ടോ; | ഡി) ഉണ്ട് |
| ഇ) എങ്കിൽ അത് ലംഘിക്കുന്നവർക്ക് നൽകുന്ന ശിക്ഷ എന്താണ് എന്ന് വ്യക്തമാക്കുമോ ? | ഇ) ഇന്ത്യൻ വന്യജീവി (സംരക്ഷണം) നിയമം സെക്ഷൻ 51 അനുസരിച്ച് ഇത്തരം മൃഗങ്ങളെ വേട്ടയാടുന്നതിന് 3 മുതൽ 7 വർഷം വരെ തടവും, 10000 രൂപയിൽ കുറയാതെ പിഴയും ചുമത്താവുന്നതാണ്. എന്നാൽ കുറ്റം ആവർത്തിക്കപ്പെട്ടാൽ പിഴ 25000 രൂപ വരെയാക്കാൻ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

സംസ്ഥാനത്തെ വനങ്ങളിൽ കാണുന്ന മൃഗങ്ങളിൽ കടുവ, പുള്ളിപ്പുലി, സിംഹവാലൻ കുരങ്ങ്, കരടി, കൂരമാൻ, കരിങ്കുരങ്ങ്, ആന, കാട്ടുപോത്ത്, വരയാട്, [illegible] മലയണ്ണാൻ, കുട്ടിത്തേവാങ്ക്, അളുങ്ക്, [illegible] വെരുക്, പുലിപ്പൂച്ച, [illegible], കുറുനരി, കാട്ടുപൂച്ച, മരനായ, നീർനായ, കീരി, പാറാൻ, [illegible] എന്നിവ വംശനാശം സംഭവിക്കാൻ സാദ്ധ്യതയുള്ളതാണെന്ന് കണക്കാക്കപ്പെടുന്നു. അവയെല്ലാം തന്നെ ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമത്തിലെ പട്ടിക I ലും പട്ടിക 2-ലെ ഭാഗം 2-ലും ഉൾപ്പെടുത്തിയിട്ടുണ്ട്. അത്യധികം പ്രാധാന്യം നൽകി സംരക്ഷിക്കപ്പെടേണ്ടതും, വംശനാശ ഭീഷണിയുള്ളതുമായ ജീവികളെയാണ് ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മൃഗങ്ങൾക്കു മാത്രമല്ല അനേകം ജീവികളെയും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരക്ഷണം നൽകി വരുന്നു. [illegible], [illegible], [illegible], മലമ്പാമ്പ്, മയിൽ, മലമൈന, കഴുകൻ, ചിലയിനം കടൽ മത്സ്യങ്ങൾ, കടൽ [illegible], പവിഴപ്പുറ്റുകൾ, ചിത്രശലഭങ്ങൾ തുടങ്ങി നീണ്ട ഒരു പട്ടിക ഇതിൽ ഉൾപ്പെടുന്നു.

വംശനാശ ഭീഷണി നേരിടുന്ന മൃഗങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി വിവിധ നടപടികൾ കൈക്കൊണ്ടു വരുന്നു. വനവും വന്യജീവി സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി കേരളത്തിലെ വനമേഖലയിൽ 5 ദേശീയോദ്യാനങ്ങളും, 2 പക്ഷി സങ്കേതങ്ങളും, 12 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇവ താഴെ പറയുന്നവയാണ്.

| ക്രമ നം | വന്യജീവി സങ്കേതം / ദേശീയോദ്യാനം | രൂപീകരിച്ച വർഷം (Sq.Km) |
|---|---|---|
| | **ദേശീയോദ്യാനങ്ങൾ** | |
| 1 | ഇരവികുളം ദേശീയോദ്യാനം | 1978 |
| 2 | സൈലന്റ്‌വാലി ദേശീയോദ്യാനം | 1980 |
| 3 | ആനമുടിച്ചോല ദേശീയോദ്യാനം | 2003 |
| 4 | മതികെട്ടാൻചോല ദേശീയോദ്യാനം | 2003 |
| 5 | പാമ്പാടുംചോല ദേശീയോദ്യാനം | 2003 |
| | **വന്യജീവി സങ്കേതങ്ങൾ** | |
| 6 | പെരിയാർ വന്യജീവി സങ്കേതം | 1950 |
| 7 | വയനാട് വന്യജീവി സങ്കേതം | 1973 |
| 8 | പറമ്പിക്കുളം വന്യജീവി സങ്കേതം | 1973 |
| 9 | നെയ്യാർ വന്യജീവി സങ്കേതം | 1958 |
| 10 | പീച്ചി വാഴാനി വന്യജീവി സങ്കേതം | 1958 |
| 11 | ചെന്തുരുണി വന്യജീവി സങ്കേതം | 1984 |

| ക്രമ നം | വന്യജീവി സങ്കേതം / ദേശീയോദ്യാനം | രൂപീകരിച്ച വർഷം (Sq.Km) |
|---|---|---|
| 12 | ചിന്നാർ വന്യജീവി സങ്കേതം | 1984 |
| 13 | ഇടുക്കി വന്യജീവി സങ്കേതം | 1976 |
| 14 | ആറളം വന്യജീവി സങ്കേതം | 1984 |
| 15 | പേപ്പാറ വന്യജീവി സങ്കേതം | 1983 |
| 16 | ചിമ്മിണി വന്യജീവി സങ്കേതം | 1984 |
| 17 | കുറിഞ്ഞിമല വന്യജീവി സങ്കേതം | 2006 |
| | **പക്ഷി സങ്കേതങ്ങൾ** | |
| 18 | തട്ടേക്കാട് പക്ഷി സങ്കേതം | 1983 |
| 19 | മംഗളവനം പക്ഷി സങ്കേതം | 2004 |

വരയാടുകളുടെ സംരക്ഷണത്തിനു വേണ്ടി പ്രത്യേകമായി ഇരവികുളം കേന്ദ്രമാക്കി ഒരു ദേശീയോദ്യാനം രൂപീകരിച്ചു സംരക്ഷിച്ചു വരുന്നു. കടുവകളുടെ സംരക്ഷണം ലക്ഷ്യമാക്കിക്കൊണ്ട് തേക്കടിയ്ക്ക് പുറമെ രണ്ടാമതൊരു കടുവാ സങ്കേതം പറമ്പിക്കുളം കേന്ദ്രമാക്കി രൂപീകരിക്കാൻ കേന്ദ്രഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആനകളുടെ സംരക്ഷണത്തിനു വേണ്ടി സംസ്ഥാനത്ത് 4 എലിഫന്റ് റിസർവ്വുകൾ രൂപീകരിച്ച് സംരക്ഷണം നടത്തി വരുന്നു. ആനകളുടെ സ്വൈരമായ വിഹാരത്തിനു വേണ്ടി കൂടുതൽ ആനത്താരകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഇടുക്കിയിൽ 31.3661 ഹെക്ടറും (28.2021 Ha 1995 ലും, 3.1640 Ha 2005-ലും), കണ്ണൂരിൽ 27.125 ഹെക്ടറും (1996 ൽ) ഭൂമി ഏറ്റെടുത്തിട്ടുണ്ട്. വനാതിർത്തിയിലെ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജലത്തിന്റെയും, തീറ്റയുടെയും ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടത്തി വരുന്നു. കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ചു ശക്തമായ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. മൃഗവേട്ട തടയുന്നതിന് കുറ്റകൃത്യങ്ങൾ നടക്കാൻ സാദ്ധ്യതയുള്ള പ്രത്യേക പ്രദേശങ്ങളിൽ ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. സംരക്ഷണ ചുമതലയുള്ള ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാക്കുന്നതിനും അവർക്ക് വാഹനം, വയർലെസ് ഉപകരണങ്ങൾ, ആയുധം, എന്നിവ നൽകി ഫീൽഡ് പരിശോധന ഊർജ്ജിതമാക്കിയിട്ടുണ്ട്. വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നവർക്ക് പ്രശംസാപത്രവും, ക്യാഷ് അവാർഡും നൽകുന്നുണ്ട്. പ്രത്യേക പ്രദേശങ്ങളിലെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പിൻബലമേകാൻ ഡിവിഷൻ തലത്തിൽ ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷനുകളും, ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ചുകളും ആധുനിക വാർത്താവിനിമയ സംവിധാനങ്ങളോടു കൂടി പ്രവർത്തിക്കുന്നുണ്ട്. ഇവർ സംസ്ഥാനത്തുടനീളമുള്ള [illegible]

പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും. [illegible] സംരക്ഷണ സംബന്ധമായ വിവരങ്ങൾ [illegible] നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ [illegible] ചെയ്യുന്നുണ്ട്. വന സംരക്ഷണം, വന്യജീവി സംരക്ഷണം, [illegible] ആവശ്യകതയെ കുറിച്ച് പൊതുജനങ്ങളിൽ വേണ്ടത്ര അവബോധം [illegible] പ്രകൃതി പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് നടപ്പിലാക്കുന്നുണ്ട്. വനങ്ങളുടെയും, വന്യമൃഗങ്ങളുടെയും സംരക്ഷണത്തിനായി 50%-ഉം, 100% ഉം [illegible] പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഇന്ത്യൻ വന്യജീവി (സംരക്ഷണം) നിയമം സെക്ഷൻ 51 അനുസരിച്ച് [illegible] മൃഗങ്ങളെ വേട്ടയാടുന്നതിന് 3 മുതൽ 7 വർഷം വരെ തടവും, 10000 രൂപയിൽ കുറയാത്ത പിഴയും ചുമത്താവുന്നതാണ്. എന്നാൽ കുറ്റം ആവർത്തിക്കപ്പെട്ടാൽ പിഴ 25000 രൂപ വരെയാക്കാൻ വ്യവസ്ഥയുണ്ട്.

## പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 425 26/3/2007- ൽ മറുപടിക്ക്

### സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.സാജു പോൾ<br>ശ്രീ.വി.ശശി കുമാർ<br>ശ്രീ.പി.ജയരാജൻ | ഡോ.ടി.എം.തോമസ്സ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (എ) കേരളത്തിലെ മണിലെന്റിംഗ് നിയമത്തിന്റെ പരിധിയിൽ വരുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും, അവയെ നിയന്ത്രിക്കുന്നതിനുമായി 1958-ലെ കേരള മണിലെന്റിംഗ് നിയമപ്രകാരം അതതു സ്ഥലത്തെ വാണിജ്യ നികുതി വകുപ്പിലെ ഇൻസ് പെക്റ്റിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഈ സ്ഥാപനങ്ങൾക്കെതിരെയുള്ള പരാതികൾ പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; | (ബി) 1958-ലെ കേരളത്തിലെ മണിലെന്റിംഗ് നിയമത്തിന്റെ പരിധിയിൽ വരുന്ന പണമിടപാടു സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള വ്യക്തമായ വ്യവസ്ഥകൾ നിയമത്തിലുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നതായി ശ്രദ്ധിക്കപ്പെട്ടാൽ ആയത് ലംഘിക്കുന്നവർക്കെതിരെ നിയമപരമായ കർശന നടപടികൾ വാണിജ്യ നികുതി വകുപ്പ് സ്വീകരിക്കുന്നതിന് നിലവിൽ സംവിധാനമുണ്ട്. ആയതിനാൽ പ്രത്യേകിച്ച് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല. |
| (സി) സ്വകാര്യ പണമിടപാടു സ്ഥാപനങ്ങ | (സി) സ്വീകരിക്കും |

| | | | |
|---|---|---|---|
| | ൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ സംബന്ധിച്ചും ഈ സ്ഥാപനങ്ങളുടെ ചൂഷണം തടയുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള നിയമ വ്യവസ്ഥകളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | അടച്ച തുകയ്ക്ക് കൃത്യമായ രസീതു നൽകാതിരിക്കുക, ബ്ലാങ്ക് ചെക്ക് വാങ്ങുക, ക്രമവിരുദ്ധമായി പലിശ ഈടാക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാവുമോ? | (ഡി) | 1958-ലെ കേരളാ മണിലെന്റിംഗ് നിയമത്തിൻ കീഴിൽ വരുന്ന പണമിടപാടു സ്ഥാപനങ്ങൾ നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ വാണിജ്യ നികുതി വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.426 26/03/2007-ൽ മറുപടിയ്ക്ക്

ചെക്ക്പോസ്റ്റുകളിലെ നികുതി വെട്ടിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.വി.ജെ.തങ്കപ്പൻ | ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യവകുപ്പ് മന്ത്രി) |
| (എ) ചെക്ക്പോസ്റ്റുകളിലെ നികുതി വെട്ടിപ്പ് ജനപങ്കാളിത്തത്തോടെ തടയാനുള്ള പദ്ധതി പരിഗണന യിലുണ്ടോ; | (എ) ഇല്ല |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) ബാധകമല്ല |
| (സി) ചെക്ക്പോസ്റ്റുകൾ സ്ഥിതിചെയ്യുന്ന സ്ഥലത്തെ പഞ്ചായത്തുകളുടെ സഹകരണത്തോടെ നികുതി വെട്ടിപ്പ് തടയാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; | (സി) അതിർത്തിപഞ്ചായത്തുകളുടെ സഹകരണത്തോടെ ചെക്ക്പോസ്റ്റുകൾ സ്ഥിതിചെയ്യുന്ന സ്ഥലത്തെ നികുതിവെട്ടിപ്പ് തടയുവാൻ കഴിയുമെന്നു കരുതുന്നുണ്ട്. |
| (ഡി) പഞ്ചായത്തുകളുടെ ഇടപെടൽ മൂലമുണ്ടാകുന്ന അധിക വരുമാനത്തിന്റെ ഒരു വിഹിതം പഞ്ചായത്തുകളുടെ വികസനത്തിനായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) പഞ്ചായത്തുകളുടെ ഇടപെടൽ മൂലമുണ്ടാകുന്ന അധിക വരുമാനത്തിന്റെ 10 % ആ പഞ്ചായത്തുകൾക്ക് നൽകുന്നതാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.* 427 — 26.3.2007-ൽ മറുപടിയ്ക്ക്

കാർഷിക പാക്കേജ്.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ഡി. സതീശൻ :<br>ശ്രീ. കെ.സി. വേണുഗോപാൽ :<br>ശ്രീ.എം.മുരളി :<br>ശ്രീ. ടി.എൻ. പ്രതാപൻ: | ശ്രീ മുല്ലക്കര രത്നാകരൻ<br>( കൃഷി വകുപ്പുമന്ത്രി) |
| (എ) കേന്ദ്രം പ്രഖ്യാപിച്ച കാർഷിക പാക്കേജ് അനുസരിച്ചുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയോ;<br><br>(ബി) എങ്കിൽ പ്രസ്തുത ലിസ്റ്റ് തയ്യാറാക്കുന്ന സന്ദർഭത്തിൽ ഉണ്ടായിരുന്ന ഗുണഭോക്താക്കളുടെ എണ്ണമെത്രയാണ്; | (എ) യും (ബി)യും<br>കേന്ദ്രം പ്രഖ്യാപിച്ച കാർഷിക പാക്കേജ് 3 വർഷകാലയളവിലായാണ് നടപ്പിലാക്കുന്നത്. ഇതനുസരിച്ചുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ പട്ടിക ചുവടെ ചേർക്കുന്നു.<br>(1) മൈക്രോ ഇറിഗേഷൻ- 1016 എണ്ണം<br>(2) പ്രധാനമന്ത്രിയുടെ ഫണ്ടിൽനിന്നുള്ള ധനസഹായം -3499 പേർക്ക്<br>(3) മൃഗസംരക്ഷണ പദ്ധതികൾ-1500 എണ്ണം<br>(4) മത്സ്യബന്ധന മേഖല -795 എണ്ണം<br><br>മറ്റുള്ള പദ്ധതികളുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിവരികയാണ്. പദ്ധതികൾ തുടങ്ങുന്ന മുറയ്ക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതാണ്. |

| | |
|---|---|
| (സി) ഇതിൽ നിന്ന് ഗുണഭോക്താക്കളുടെ എണ്ണത്തിൽ കുറവ് ചെയ്യാൻ ഉദ്ദേശമുണ്ടോ; | (സി) ഇല്ല. |
| (ഡി) എങ്കിൽ എന്തടിസ്ഥാനത്തിൽ എന്ന് വെളിപ്പെടുത്തുമോ;<br>(ഇ) എത്ര ഗുണഭോക്താക്കളുടെ എണ്ണത്തിലാണ് കുറവ് വരുത്തുന്നത്? | (ഡി) യും (ഇ) യും ബാധകമല്ല. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നംപർ : 428 — 26.3.2007- ൽ മറുപടിയ്ക്ക്

**പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.കെ.പി.മോഹനൻ<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.എം.കെ.പ്രേംനാഥ് | ശ്രീ.എ.കെ.ബാലൻ,<br>പട്ടിക-പിന്നോക്ക സമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി. |
| എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വിശദീകരിക്കുമോ; | എ) കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എല്ലാ ജില്ലാ ഓഫീസുകളിലും സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി താലൂക്ക് തലത്തിൽ ഓഫീസുകൾ തുടങ്ങാനും പദ്ധതിയുണ്ട്. ചില പുതിയ സ്വയം തൊഴിൽ പദ്ധതികളും ആലോചനയിലുണ്ട്. |
| ബി) കോർപ്പറേഷന്റെ പ്രവർത്തനം കാർഷിക മേഖലയിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ? | ബ) കേരളപ്പിറവിയുടെ 50-ാം വാർഷികത്തിന്റെ ഭാഗമായി കർഷകരെ ഉദ്ദേശിച്ച് "കർഷകശ്രീ" എന്ന പേരിൽ ഒരു പദ്ധതി കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. 6% പലിശ നിരക്കിൽ ഒരു ലക്ഷം രൂപ വരെ കർഷകർക്ക് കാർഷികാവശ്യങ്ങൾക്കായി വായ്പ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.

---

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 429 — 26.3.2007 ൽ മറുപടിക്ക്

പെട്രോൾ, ഡീസൽ എന്നിവയുടെ സംസ്ഥാന നികുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി | ഡോ. ടി. എം. തോമസ് ഐസ്സക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) പെട്രോൾ, ഡീസൽ എന്നിവയിന്മേലുള്ള സംസ്ഥാന നികുതി നിരക്ക് എത്രയാണ്; | (എ) 7.10.2006 ലെ സർക്കാർ ഉത്തരവ് (പി) നം. 106/2006/നി.വ. (എസ്സ്. ആർ. ഒ. 721/06) പ്രകാരം 13.10.2006 മുതൽ പെട്രോളിന് 29.01% ഉം ഡീസലിന് 24.69% ഉം ആണ് നിലവിലുള്ള നികുതി നിരക്ക്. |
| (ബി) അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന് ഗണ്യമായ വിലക്കുറവ് ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ ഉപഭോക്താവിന് പരമാവധി ആശ്വാസം നൽകുന്ന തരത്തിൽ പെട്രോൾ, ഡീസൽ എന്നിവയുടെ സംസ്ഥാന നികുതി നിരക്കിൽ കുറവ് വരുത്തുമോ; | (ബി) ആൻറ് (സി)<br>ഇക്കാര്യം ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല. |
| (സി) പെട്രോളിയം ഉൽപ്പന്നങ്ങൾക്കുള്ള സംസ്ഥാന നികുതി നിരക്കിൽ മതിയായ കുറവ് വരുത്തുവാൻ സർക്കാർ സത്വര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 430      26.03.2007 ലെ മറുപടിയ്ക്ക്

### ആസിയാൻ രാജ്യങ്ങളുമായുള്ള വ്യാപാര കരാർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. മുല്ലക്കര രത്നാകരൻ, ബഹു:കൃഷി വകുപ്പു മന്ത്രി |

| | |
| --- | --- |
| എ)<br>ആസിയാൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ സ്വതന്ത്ര വ്യാപാര കരാർ സംസ്ഥാനത്തെ ഏതെല്ലാം കൃഷികളെയും ഏതെല്ലാം ഗണത്തിൽപ്പെട്ട കർഷകരെയും പ്രതികൂലമായി ബാധിക്കും; | എ)<br>ഇൻഡ്യയും ആസിയാൻ രാജ്യങ്ങളുമായി ഒപ്പു വച്ച സ്വതന്ത്ര വ്യാപാര കരാറിൽ ഒരു നെഗറ്റീവ് ലിസ്റ്റും സംരക്ഷിത പട്ടികയും ഉണ്ട്. നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ട വസ്തുക്കൾക്ക് ഇറക്കുമതി തീരുവ കുറക്കേണ്ടതില്ല. ഇൻഡ്യയും ആസിയാൻ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാരത്തെ സംബന്ധിച്ച് തുടർന്നു വരുന്ന ചർച്ചകളിൽ 490 ഉൽപന്നങ്ങളെ നെഗറ്റീവ് ലിസ്റ്റിൽ ഇൻഡ്യ ഉൾപ്പെടുത്തിട്ടുണ്ട്. ഇതിൽ 303 ഉൽപന്നങ്ങൾ കാർഷിക ഉൽപന്നങ്ങളാണ്. കാർഷിക ഉൽപന്നങ്ങളായ നാളികേരം, ഏലം, ഇഞ്ചി, മഞ്ഞൾ, കൊപ്ര, വെളിച്ചെണ്ണ, പ്രകൃതിദത്ത റബ്ബർ എന്നിവയെ നിർദ്ദിഷ്ട നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിട്ടുണ്ട്. എന്നാൽ 4 സെൻസിറ്റീവ് ഉൽപന്നങ്ങൾക്ക് 2018 ഓടുകൂടി ഇറക്കുമതി തീരുവ ചുവടെ ചേർക്കുന്ന പ്രകാരം കുറേശ്ശേ കുറച്ചുകൊണ്ടു വരാമെന്ന് ഇൻഡ്യ സമ്മതിച്ചിട്ടുണ്ട്.<br><br>പാമോയിൽ - 50% വരെ കുറവ് 2018 ഓടു കൂടി<br>സംസ്കരിച്ച പാമോയിൽ- 60% വരെ കുറവ് 2018 ഓടു കൂടി<br>കുരുമുളക് - 50% വരെ കുറവ് 2018 ഓടു കൂടി<br>തേയില - 50% വരെ കുറവ് 2018 ഓടു കൂടി<br><br>കാപ്പിയെ സംരക്ഷിത പട്ടികയിൽ കൊണ്ടുവരുവാനും അതിന്റെ തീരുവ 50% മായി 2018 ഓടു കൂടി കുറയ്ക്കുവാനും ഇൻഡ്യ ഉദ്ദേശിച്ചിട്ടുണ്ട്. ആസിയാൻ രാജ്യങ്ങളുമായുള്ള ചർച്ച ഇപ്പോഴും തുടരുകയാണ്.<br><br>ആയതിനാൽ ഇൻഡ്യ-ആസിയാൻ കരാർ പ്രാബല്യത്തിൽ |

| | |
|---|---|
| | വരുമ്പോൾ സംസ്ഥാനത്തെ കേര/കുരുമുളക്/അടയ്ക്ക/കാപ്പി കർഷകരെ പ്രതികൂലമായി ബാധിക്കും. |
| ബി).<br>ഇതിന് ഏത് വിധത്തിൽ പരിഹാരം കാണാൻ കഴിയും, | ബി) ഇൻഡ്യാ ആസിയാൻ സ്വതന്ത്ര വ്യാപാര കരാറിന്റെ സംരക്ഷിത പട്ടികയിൽ (Sensitive list) ഉൾപ്പെടുത്തേണ്ടതായ കേരളത്തിന്റെ പ്രധാന ഉൽപന്നങ്ങളായ നാളികേരം, കൊപ്ര, വെളിച്ചെണ്ണ, കുരുമുളകും കുരുമുളക് ഉൽപന്നങ്ങളും, ഏലം, ഇഞ്ചി, മഞ്ഞൾ, അടയ്ക്ക, തേയില, കാപ്പി, റബ്ബർ, കയർ, ചെറുകിട കർഷകരുടെ ജീവനോപാധിയായ മത്സ്യ ഇനങ്ങൾ എന്നിവയെ ഉൾപ്പെടുത്തണമെന്ന് 2005 നവംബർ, 2006 ഏപ്രിൽ, 2006 ജൂലൈ, 2006 ഒക്ടോബർ എന്നിങ്ങനെ നിരവധി തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br><br>കേന്ദ്രത്തിന്റെ തെറ്റായ ഇറക്കുമതി നയത്തിന്റെ ഫലമായുളവാകുന്ന പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിന് വിലതകർച്ച നേരിടുന്ന കാർഷികോൽപന്നങ്ങൾക്ക് കേന്ദ്രം ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഭക്ഷ്യഎണ്ണകളുടെയും, ആഭ്യന്തരോല്പാദനം വഴി രാജ്യത്തേക്ക് ആവശ്യമായ തോതിൽ ലഭിക്കുന്ന കാർഷികോൽപന്നങ്ങളുടെയും ഇറക്കുമതി തീരുവ 300 ശതമാനമായി ഉയർത്തുകയും ചെയ്താൽ നമ്മുടെ ഉൽപന്നങ്ങൾക്കുണ്ടാകുന്ന വില തകർച്ച ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. |
| സി)<br>ഈ കരാർ സംസ്ഥാനത്തെ ഏതെല്ലാം വിധത്തിൽ പ്രതികൂലമായി ബാധിക്കുമെന്നും അതിന് ഏതു വിധത്തിൽ പരിഹാരം കാണണമെന്നുള്ള കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | സി)<br>ഉണ്ട്. മുഖ്യമന്ത്രിതലത്തിൽ പ്രധാനമന്ത്രിയ്ക്കും, കൃഷി മന്ത്രിതലത്തിൽ കേന്ദ്ര കൃഷി മന്ത്രിയ്ക്കും, കേന്ദ്ര വാണിജ്യകാര്യ മന്ത്രിയ്ക്കും കത്തുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 431     26.3.2007 ൽ മറുപടിക്ക്

**കണ്ണൻ ദേവൻ വക ഭൂമിയിൽ വനവൽക്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. എ.പി. അനിൽ കുമാർ : | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കണ്ണൻ ദേവൻ കമ്പനിയിൽ നിന്നും എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തത് ; | (എ) 70522 ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്. |
| (ബി) ഇത് വനഭൂമിയായി പ്രഖ്യാപിക്കുവാൻ ഉദ്ദേശമുണ്ടോ ; | (ബി) കണ്ണൻ ദേവൻ കമ്പനിയിൽ നിന്ന് ഏറ്റെടുത്ത ഭൂമിയിൽ 23959 ഏക്കർ വിസ്തീർണ്ണം വരുന്ന ഭൂമി ദേശീയ പാർക്കായി പ്രഖ്യാപിച്ച് വനഭൂമിയായി സൂക്ഷിക്കുന്നുണ്ട്. കൂടാതെ 22253.37 ഏക്കർ ഭൂമി (മാങ്കുളം ഏരിയ) റിസർവ് വനമായി നോട്ടിഫൈ ചെയ്യുന്നതിനും വനവൽക്കരണത്തിനുവേണ്ടി നീക്കി വെച്ച 17922 ഏക്കർ ഭൂമി റിസർവ്വ് വനമായി നോട്ടിഫൈ ചെയ്യുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (സി) ഈ ഭൂമിയിൽ വനവൽക്കരണം നടത്താൻ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ? | (സി) വനവൽക്കരണത്തിനായി നീക്കിവെച്ച 17922 ഏക്കർ കണ്ണൻ ദേവൻ കമ്പനിയിൽ നിന്നും തിരിച്ചെടുത്ത ഭൂമിയിൽ പെട്ട 13257 ഏക്കർ സ്ഥലത്തും വിവിധയിനം പൾപ്പ്‌വുഡ് മരങ്ങളുടെ തോട്ടങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ബാക്കിയു |

---2

ള്ള ഭൂമിയിൽ വകുപ്പിനെ ഏൽപ്പിക്കുന്ന
പ്രോജക്ട് വനവൽക്കരണ പ്രവർത്തന
ങ്ങൾ നടത്തുന്നതാണ്. ഇതുവരെയും
നാഷണൽ പാർക്കിൽപ്പെട്ട 23959
ഏക്കർ ഭൂമിയിൽ വനവൽക്കരണ പരി
പാലിക്കൽ മറ്റും നടത്താതെ സ്വാഭാ
വിക വനമായി സൂക്ഷിച്ചു വരികയാണ്.
അതുപോലെ മറ്റുള്ള ഡിവിഷനിൽ
പ്പെട്ട 22253.37 ഏക്കർ ഭൂമിയും
സ്വാഭാവിക വനമായി സൂക്ഷിച്ചു വരിക
യാണ്. ഇതിൽ കണ്ടാവൃക്ഷമായ വന
ങ്ങളുള്ള ചില സ്ഥലങ്ങളിൽ മാത്രം
വിവിധയിനം നാടൻ വൃക്ഷത്തൈകൾ
വെച്ചുപിടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

## പന്ത്രണ്ടാം കേരള നിയമ സഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം 432, 26.3.2007 ലെ മറുപടിക്ക്**

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.എം.ഹംസ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.എം.ചന്ദ്രൻ | ഡോ.തോമസ് ഐസക്<br>ധനകാര്യ വകുപ്പ് മന്ത്രി |

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ ?

| ചോദ്യം | ഉത്തരം |
|---|---|
| എ. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ സബ് ഓഫീസുകളിലും എല്ലാ മാസവും 5 ാം തിയതിക്കു മുൻപ് ഓഡിറ്റ് മോണിറ്ററിംഗ് മീറ്റിംഗ് ചേരുകയും പുരോഗതി വിലയിരുത്തി റിപ്പോർട്ട് ഹെഡ് ഓഫീസിലേയ്ക്ക് നൽകുകയും ചെയ്യുന്നു. 4 മാസത്തിലൊരിക്കൽ ഓഫീസ് തലവന്മാരുടെ മേഖലാ സമ്മേളനം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ചേരുകയും ഓരോ ഓഫീസിന്റെയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു. |
| (ബി). വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ ഇപ്പോൾ എത്ര സ്ഥാപനങ്ങൾ ഉണ്ട് ? | ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 3 (1) പ്രകാരമുള്ള 52 വിഭാഗങ്ങളിലെ സ്ഥാപനങ്ങളും, കാലാകാലങ്ങളിൽ ഗവൺമെന്റ് ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയ സ്ഥാപനങ്ങളും ഉൾപ്പെടെ 6236 ൽ പരം സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ് ജോലികൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്). |

| | |
|---|---|
| (സി) ഓഡിറ്റ് വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ; | പുതുതായി നിയമനം ലഭിക്കുന്ന ഓഡിറ്റർമാർക്ക് പ്രൊബേഷൻ കാലയളവിൽ 3 മാസം ദൈർഘ്യമുള്ള സ്റ്റാറ്റ്യൂട്ടറി ട്രെയിനിംഗ് നൽകി വരുന്നു. ഇതിനായി ജോയിൻറ് ഡയറക്ടർ തലവനായുള്ള ഒരു ട്രെയിനിംഗ് സെൻറർ വകുപ്പിൽ പ്രവർത്തിച്ചു വരുന്നു. |
| (ഡി). വകുപ്പിൻെറ ആധുനീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ; | ആധുനികവൽക്കരണത്തിൻെറ ഭാഗമായി കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ 53,32,000/ രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2006 07 വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിലായി 40,00,000/ രൂപ വകകൊള്ളിച്ചിരുന്നു. കംപ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (ഇ). ഓഡിറ്റ് പരിധിയിലുള്ള ഓരോ സ്ഥാപനത്തെയും സമഗ്രമായ ഓഡിറ്റിനു വിധേയമാക്കാൻ കഴിയും വിധം ഓഡിറ്റ് വകുപ്പ് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | വകുപ്പിൻെറ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലഭ്യമായ കണക്കുകളുടെ ഓഡിറ്റിംഗ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ലഭ്യമായിട്ടുള്ള വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. കംപ്യൂട്ടർവൽക്കരണം പൂർത്തിയാകുന്നതോടെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കൈവരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

T.V. Sugatha Kumari

സെക്ഷൻ ഓഫീസർ

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന മുഖ്യ സ്ഥാപനങ്ങൾ/ അനുബന്ധസ്ഥാപനങ്ങൾ

| | | |
|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് | 999 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 152 |
| 3 | ജില്ലാ പഞ്ചായത്ത് | 14 |
| 4 | മുനിസിപ്പൽ കൗൺസിൽ | 53 |
| 5 | മുനിസിപ്പൽ കോർപ്പറേഷൻ | 5 |
| 6 | യൂണിവേഴ്സിറ്റികൾ (7) | 1036 (അനുബന്ധ സ്ഥാപനങ്ങൾ ഉൾപ്പെടെ) |
| 7 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (1) | 49 (അനുബന്ധ സ്ഥാപനങ്ങൾ ഉൾപ്പെടെ) |
| 8 | വികസന അതോറിറ്റികൾ | 11 |
| 9 | സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 1 |
| 10 | സർവ്വ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് | 1 |
| 11 | കെ.എച്ച്.ആർ.ഡബ്ളിയു.എസ് (1) | 23 (അനുബന്ധ സ്ഥാപനങ്ങൾ ഉൾപ്പെടെ) |
| 12 | ഡി.ടി.പി.സി ആന്റ് ടി.ഡബ്ളിയു.സി | 18 |
| 13 | ഹിന്ദുമതധർമ്മ സ്ഥാപനങ്ങൾ | 997 |
| 14 | സ്പോർട്സ് കൗൺസിലുകൾ<br>ലൈബ്രറി കൗൺസിലുകൾ | 199 ജില്ലാ താലൂക്ക് ഓഫീസുകൾ ഉൾപ്പെടെ |
| 15 | അനാഥാലയങ്ങൾ | 568 |
| 16 | വഖഫ് ബോർഡ് | 1 |
| 17 | ടി.ബി.അസോസിയേഷൻ | 1 |
| 18 | കേരള ലളിത കലാ അക്കാദമി | 1 |
| 19 | കേരള സംഗീത കലാ അക്കാദമി | 1 |
| 20 | കേരള സാഹിത്യ അക്കാദമി | 1 |
| 21 | കേരള കലാമണ്ഡലം | 1 |
| 22 | കാൻഫെഡ് | 1 |
| 23 | ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 1 |
| 24 | കേരള പ്രദേശ് ഭാരത് സേവക സമാജം | 1 |
| 25 | ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് | 1 |
| 26 | സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി ടു അനിമൽസ് | 4 |
| 27 | ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ | 1 |
| 28 | കേരള നഴ്സസ് ആന്റ് മിഡ്‌വൈവ്സ് കൗൺസിൽ | 1 |
| 29 | കേരള ഫാർമസി കൗൺസിൽ | 1 |
| 30 | കേരള ഡന്റൽ കൗൺസിൽ | 1 |
| 31 | കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം | 1 |
| 32 | കേരള പൊലീസ് വെൽഫയർ ആന്റ് അമിനിറ്റി ഫണ്ട് | 26 |
| 33 | കേരള പോലീസ് സ്പോർട്സ് ഫണ്ട് | 4 |

| | | |
|---|---|---|
| 34 | കേരള മിലിട്ടറി ബനവലൻറ് ഫണ്ട്/ഡിസ്ട്രിക്റ്റ് ബനവലൻറ് ഫണ്ട്/ഫ്ളാഗ് ഡേ ഫണ്ട് | 30 |
| 35 | സയൻസ് റിസർച്ച് ഫണ്ട്സ് അണ്ടർ സ്റ്റേറ്റ് കമ്മിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജി | 1 |
| 36 | കേരള പഞ്ചായത്ത് അസോസിയേഷൻ | 1 |
| 37 | കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി (1) | 13 (സബ് ഓഫീസുകൾ ഉൾപ്പെടെ) |
| 38 | കേരള ഖാദി വർക്കേഴ്സ് വെൽഫയർ ഫണ്ട് | 1 |
| 39 | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് | 1 |
| 40 | കേരള കയർത്തൊഴിലാളി ക്ഷേമനിധി | 1 |
| 41 | കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് | 1 |
| 42 | കേരള അബ്കാരി വർക്കേഴ്സ് വെൽഫയർ ഫണ്ട് | 1 |
| 43 | ലേബർ വെൽഫയർ ഫണ്ട് | 1 |
| 44 | ഹാൻറ്ലൂം വർക്കേഴ്സ് വെൽഫയർ ഫണ്ട് | 1 |
| 45 | അഗ്രികൾച്ചറൽ വർക്കേഴ്സ് വെൽഫയർ ഫണ്ട് | 3 |
| 46 | കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി | 1 |
| 47 | കേരള കാഷ്യൂ വർക്കേഴ്സ് റിലീഫ് വെൽഫയർ ഫണ്ട് | 1 |
| 48 | കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി | 1 |
| 49 | കേരള വെറ്റിനറി കൗൺസിൽ | 1 |
| 50 | വ്യാപാരി വ്യവസായി ക്ഷേമനിധി ബോർഡ് | 1 |
| 51 | ഹോസ്പിറ്റൽ ഡെവലപ്മെൻറ് കമ്മിറ്റികൾ | 14 |
| 52 | കോടതികൾ | 326 |
| 53 | മലബാർ മാർക്കറ്റ് കമ്മിറ്റി | 1 |
| 54 | ജവഹർ ബാലഭവൻ ആൻറ് ജില്ലാ ബാലഭവനുകൾ | 3 |
| 55 | ദേവസ്വം ബോർഡുകൾ | |
| 56 | എ) ട്രാവൻകൂർ ദേവസ്വം (1) | 1230 (അനുബന്ധ സ്ഥാപനങ്ങൾ) |
| 57 | ബി) കൊച്ചിൻ ദേവസ്വം (1) | 391 (അനുബന്ധ സ്ഥാപനങ്ങൾ) |
| 58 | സി) ഗുരുവായൂർ ദേവസ്വം (1) | 1 |
| 59 | സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻറ് ട്രെയിനിംഗ് | 1 |
| 60 | സൊസൈറ്റി ഫോർ കൺസ്ട്രക്ഷൻ, മെയിൻറനൻസ്,ആൻറ് അഡ്മിനിസ്ട്രേഷൻ ഓഫ് ദ മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സ്, നളന്ദ, തിരുവനന്തപുരം | 1 |
| 61 | സംസ്ഥാന ചലച്ചിത്ര അക്കാദമി | 1 |
| 62 | കേരള ബീഡി ആൻറ് സിഗററ്റ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് | 1 |
| 63 | കേരള ഈറ്റ,കാട്ടുവള്ളി, ആൻറ് പനമ്പ് വീവ്സ് വർക്കേഴ്സ് വെൽഫയർ ബോർഡ് | 1 |
| 64 | അമാൽഗമേറ്റ് ഫണ്ട് | 1 |
| 65 | രാജ്യ സൈനിക ബോർഡും ജില്ലാ സൈനിക ബോർഡുകളും | 1 |
| | **ഗ്രാൻറ് ഇൻ എയ്ഡ് സാംസ്കാരിക സ്ഥാപനങ്ങൾ** | |
| 1 | കലാഭാരതി ചെങ്ങന്നൂർ കഥകളി അക്കാദമി | 1 |

| | | | |
|---|---|---|---|
| 2 | നവരംഗം ,മയ്യനാട്, കൊല്ലം | | 1 |
| 3 | രംഗപ്രഭാത്, തിരുവനന്തപുരം | | 1 |
| 4 | കാർട്ടൂൺ അക്കാദമി, കൊച്ചി | | 1 |
| 5 | നൂപുര മോഹിനിയാട്ടം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം | | 1 |
| 6 | സ്വാതിതിരുനാൾ സംഗീത സഭ, തിരുവനന്തപുരം | | 1 |
| 7 | ആലുവ സംഗീത സഭ | | 1 |
| 8 | കൾച്ചറൽ സൊസൈറ്റി ഓഫ് അങ്കമാലി | | 1 |
| 9 | കേരള കലാസംഘം, കൊല്ലം | | 1 |
| 10 | വികാസ് കലാ സാംസ്കാരിക സമിതി, ഭരണിക്കാവ് | | 1 |
| 11 | മങ്ങാട് കലാ തിയേറ്റർ | | 1 |
| 12 | തൃപ്പൂണിത്തുറ കഥകളി കേന്ദ്രം | | 1 |
| 13 | തുഞ്ചൻ സ്മാരകം, തൃശ്ശൂർ | | 1 |
| 14 | കായിക്കര ആശാൻ സ്മാരകം | | 1 |
| 15 | ഗോവിന്ദപൈ സ്മാരകം, കാസർഗോഡ് | | 1 |
| 16 | മഹാകവി ശ്രീ കുഞ്ഞിരാമൻ നായർ സ്മാരകം, കൊല്ലങ്കോട് | | 1 |
| 17 | എ.ആർ.രാജരാജവർമ്മ സ്മാരകം, മാവേലിക്കര | | 1 |
| 18 | കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരക ട്രസ്റ്റ്, കോട്ടയം | | 1 |
| 19 | പി.കെ പരമേശ്വരൻ നായർ സ്മാരക ട്രസ്റ്റ്, തിരുവനന്തപുരം | | 1 |
| 20 | എൻ.കൃഷ്ണപിള്ള ഫൗണ്ടേഷൻ, തിരുവനന്തപുരം | | 1 |
| 21 | കണ്ണൻ സ്മാരക ട്രസ്റ്റ്, നിരണം | | 1 |
| 22 | വി.ടി.ഭട്ടതിരിപ്പാട് ട്രസ്റ്റ്, അങ്കമാലി | | 1 |
| 23 | ഗുരു ഗോപിനാഥ് നടന ഗ്രാമം, തിരുവനന്തപുരം | | 1 |
| 24 | ചെറുകാട് സ്മാരകം, പെരിന്തൽമണ്ണ | | 1 |
| 25 | മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം കാസർകോഡ് | | 1 |
| | ആകെ | | 3236 |

T.V. Sugatha Kumari

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.* 433 | 26.3.2007-ൽ മറുപടിയ്ക്ക്

## കാർഷിക അഭിവൃദ്ധിക്കായി പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി. മുഹമ്മദ്<br>ശ്രീ.കെ. സുധാകരൻ | ശ്രീ മുല്ലക്കര രത്നാകരൻ<br>( കൃഷി വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ കർഷകരെയും കാർഷിക രംഗത്തെയും രക്ഷിക്കാൻ നിലവിലുള്ള പദ്ധതികൾ കൂടാതെ സ്ഥായിയും ഫലപ്രദവുമായ പദ്ധതികൾ നടപ്പാക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യ വൽക്കരണത്തിനുമുള്ള ധനസഹായം, ആലപ്പുഴ, ഇടുക്കി ജില്ലകൾക്ക് പ്രത്യേക പാക്കേജ്, 2007-08 വർഷം ഹരിത വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരശ്രീ, ഹരിശ്രീ, കേരളശ്രീ, എന്നീ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി വരുന്നു. ഈ പദ്ധതികളുടെ രൂപരേഖ ഉടൻതന്നെ കേന്ദ്രത്തിന് സമർപ്പിക്കുന്നതാണ് |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ രൂപരേഖ കേന്ദ്രത്തിന് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | |
| (സി) കേന്ദ്രം പ്രസ്തുത പദ്ധതി അംഗീകരിക്കാൻ തയ്യാറാകാത്ത പക്ഷം സംസ്ഥാനം പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിക്കുന്നതാണ് |

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പര്‍. 434 — 26.3.2007-ലെ മറുപടിക്ക്

### പത്താം പഞ്ചവത്സര പദ്ധതിയും ആദിവാസികളുടെ ക്ഷേമ പ്രവര്‍ത്തനവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ജെ.തങ്കപ്പന്‍<br>ശ്രീ.കെ.സി.കുഞ്ഞിരാമന്‍<br>ശ്രീ.ബി.രാഘവന്‍<br>ശ്രീ.എസ്.രാജേന്ദ്രന്‍<br>ശ്രീ.പി. കൃഷ്ണപ്രസാദ് | ശ്രീ.എ.കെ.ബാലന്‍<br>(പിന്നാക്ക പട്ടികസമുദായ ക്ഷേമവും ഊര്‍ജ്ജവും വകുപ്പ് മന്ത്രി) |
| (എ) പത്താം പഞ്ചവത്സര പദ്ധതിയില്‍ ആദിവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരുന്നത്; | (എ) ആദിവാസികളുടെ ക്ഷേമത്തിനായി പത്താം പദ്ധതിയില്‍ നിലവിലുള്ള വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ, സാമ്പത്തികോന്നമന പരിപാടികള്‍ക്കുപുറമെയായി ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന വിവിധ പദ്ധതികളില്‍ പ്രധാനപ്പെട്ടവ:-<br>1) ഭൂരഹിത ആദിവാസികളുടെ പുനരധിവാസ പദ്ധതി.<br>2) സ്വയം തൊഴില്‍ പദ്ധതി, മനുഷ്യശേഷി വര്‍ദ്ധിപ്പിക്കുന്നതിനുതകുന്ന പരിപാടികള്‍, കുടിവെള്ള വിതരണവും, ശുചിത്വവും, സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തല്‍, കോളനി വൈദ്യുതീകരണം, റോഡ്, വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളില്‍ പുരോഗതി എന്നിവയ്ക്കുള്ള കോര്‍പ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പരിപാടികള്‍.<br>3) വയനാട് ജില്ലയിലെ പട്ടികവര്‍ഗ്ഗ മേഖലയിലെ കുടിവെള്ള പദ്ധതി. |

4) പട്ടികവർഗ്ഗ കുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ.

5) പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് ധനസഹായം.

6) ഊരുകൂട്ട രൂപീകരണവും പരിശീലനവും.

7) സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള അയ്യൻകാളി മെമ്മോറിയൽ ടാലന്റ് ആന്റ് ഡെവലപ്മെന്റ് പദ്ധതി.

8) വയനാട്, പാലക്കാട് ജില്ലകളിലെ പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സ്കൂൾ, ഹോസ്റ്റലുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവയുടെ അടിസ്ഥാന വികസന പരിപാടി.

9) പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

10) പട്ടികവർഗ്ഗക്കാർക്ക് അട്ടപ്പാടി, വയനാട്, സുഗന്ധഗിരി, മാനന്തവാടി എന്നിവിടങ്ങളിൽ ഓഫീസ് മന്ദിരങ്ങൾ.

11) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീ-മെട്രിക് ഹോസ്റ്റലുകളിലെയും കുട്ടികൾക്ക് കൗൺസലിംഗ് പരിപാടി.

12) പ്രാക്തന ഗോത്രവർഗ്ഗ കുട്ടികൾക്കുള്ള പഠന വിദ്യാഭ്യാസ പരിപാടി.

13) പട്ടികവർഗ്ഗ പാരമ്പര്യ വൈദ്യന്മാർക്ക് ചികിത്സ നടത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ധനസഹായ പദ്ധതി.

14) പട്ടികവർഗ്ഗക്കാരുടെ കലാ പ്രദർശനങ്ങൾ നടത്തുന്നതിനും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുമുള്ള വ്യാപാരമേളകൾ.

15) പട്ടികവർഗ്ഗ പ്രമോട്ടർമാർക്ക് ആരോഗ്യ പരിപാലനത്തിൽ പരിശീലനം.

16) പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനുള്ള കേന്ദ്ര സഹായ പദ്ധതി.

(ബി) ഇവ എത്രത്തോളം പ്രാവർത്തികമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പന്ത്രണ്ടാം പദ്ധതിയിൽ പുതുതായി ആവിഷ്കരിച്ചിരുന്ന പദ്ധതികൾ എല്ലാം തന്നെ പ്രസ്തുത കാലയളവിൽ നടപ്പാക്കിയിരുന്നു. ഇതു സംബന്ധിച്ച് പ്രത്യേക വിലയിരുത്തലുകളൊന്നും നടത്തിയിട്ടില്ല.

(സി) ഭവന നിർമ്മാണം, കുടിവെള്ളം, ആരോഗ്യസംരക്ഷണം, ദാരിദ്ര്യനിർമ്മാർജ്ജനം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

(സി) അഞ്ചുവർഷം കൊണ്ട് മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട്, വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാഭ്യാസം, ആരോഗ്യം, സ്വയംതൊഴിൽ മേഖലകളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 435 — 26.3.2007 - ലെ മറുപടിയ്ക്ക്

ഇൻഫർമേഷൻ കം-ഗൈഡൻസ് സെന്ററിന്റെ

പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.മഞ്ഞളാംകുഴി അലി. | ശ്രീ. എ.കെ.ബാലൻ<br>(പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി.) |
| (എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ കം-ഗൈഡൻസ് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) സി-ഡിറ്റിന്റെ സഹായത്തോടെ പട്ടികജാതി വികസന ഡയറക്ടറേറ്റിനേയും ജില്ലാ പട്ടികജാതി വികസന ഓഫീസുകളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഇൻഫർമേഷൻ കം-ഗൈഡൻസ് സെന്റർ 5.12.04 -ൽ ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി ആലപ്പുഴ, വയനാട് ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ ഒഴികെയുള്ള 12 ജില്ലകളിലും പൊതുജനങ്ങൾക്ക് വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓരോ കിയോസ്കുകൾ ഇന്റർനെറ്റ് സൗകര്യത്തോടുകൂടി സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബ്ളോക്ക് പഞ്ചായത്തു തലത്തിൽ ഇലക്ട്രോണിക് ഉപ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് 2007-08 വർഷത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

| | | |
|---|---|---|
| (ബി) | എന്തെല്ലാം സഹായങ്ങളും സേവനങ്ങളുമാണ് പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായി ഈ സെന്റർ ചെയ്യുന്നത് ; | (ബി) താഴെ പറയുന്ന പ്രവർത്തനങ്ങളാണ് പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായി ഈ സെന്ററുകൾ ചെയ്യുന്നത്.<br>1. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടേയും പൂർണ്ണ വിവരങ്ങൾ ഈ സെന്ററുകൾ വഴി ലഭ്യമാക്കുന്നുണ്ട്.<br>2. സാമ്പത്തിക വികസന പരിപാടികൾ, പ്രൊഫഷണൽ വിദ്യാഭ്യാസം എന്നിവയ്ക്ക് ആവശ്യമായതും നൂതനവുമായ വിവരങ്ങൾ ലഭ്യമാക്കുന്നു.<br>3. സർക്കാരിന്റെ വിവിധ സാമ്പത്തിക വികസന പരിപാടികൾ മുഖേന ലഭ്യമാകുന്ന സാമ്പത്തിക സഹായ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു.<br>4. വിവിധ വകുപ്പുകളും, തദ്ദേശ ഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള അപേക്ഷ ഫാറങ്ങൾ ഈ സെന്ററുകൾ മുഖേന ലഭ്യമാക്കുന്നതിനും 2007-08-ൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി വിഭാഗത്തിനുള്ള വിവിധ പദ്ധതികളുടെ വിശദാംശം തയ്യാറാക്കി നൽകുന്നതിന് സംവിധാനം നിലവിലുണ്ടോ ; | (സി) പട്ടികജാതി വിഭാഗത്തിനായുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. ഇതിന് പുറമേ ഇവ ഉൾക്കൊള്ളുന്ന ലഘു ലേഖകളും വകുപ്പ് പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുന്നുണ്ട്. ഇതിലേയ്ക്കായി ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. |

(ഡി) ഇൻഫർമേഷൻ സെന്റർ പ്രസിദ്ധീകരിക്കുന്ന "പടവുകൾ" എന്ന മാസിക ആകർഷകമാക്കുന്നതിനും പട്ടികജാതി കോളനികളിലും മറ്റും എത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

(ഡി) നടപടി സ്വീകരിക്കുന്നതാണ്. "പടവുകൾ" മാസിക പുന:പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ പ്രൊമോട്ടർമാർ വഴി മാസിക കോളനികളിലും മറ്റും എത്തിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 436  26.3.2007 ൽ മറുപടിക്ക്

<u>വനം കൊള്ള</u>

<u>ചോദ്യം</u>

ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :

എ) വനസമ്പത്ത് കാത്തുരക്ഷിക്കുവാൻ വനപാലകർക്ക് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ; വയർലസ്സ്, ആധുനിക തോക്കുകൾ, പിസ്റ്റളുകൾ തുടങ്ങിയവ ഫോറസ്റ്റ് ഗാർഡുകൾ ഉൾപ്പെടെയുള്ള വനപാലകർക്ക് നൽകി വനപരിപാലനം കുറ്റമറ്റതാക്കുമോ;

<u>ഉത്തരം</u>

ശ്രീ. ബിനോയ് വിശ്വം
( വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

എ) വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ഫോറസ്റ്റ് സ്റ്റേഷൻ സമ്പ്രദായം ഏർപ്പെടുത്തുകയും 92 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഫോറസ്റ്റ് സ്റ്റേഷനുകൾ ഘട്ടം ഘട്ടമായി എല്ലാ വനപ്രദേശങ്ങളിലും സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ട്. വനസംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തിനും, സ്വയരക്ഷയ്ക്കും വേണ്ടി റിസർവ്വ് വനത്തിനകത്ത് ആയുധങ്ങൾ ഉപയോഗിക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ വന സംരക്ഷണ ജീവനക്കാർക്കുള്ള നിർബന്ധിത പരിശീലന പരിപാടിയിലെ 3 മാസത്തെ ആയുധപരിശീലനമടക്കമുള്ള പരിശീലന പരിപാടി പോലീസ് അക്കാദമിയിൽ നൽകി വരുന്നുണ്ട്. ആധുനിക വാർത്താവിനിമയ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വനപാലകർക്ക് നൽകിയും വനസംരക്ഷണം കാര്യക്ഷമമാക്കിയിട്ടുണ്ട്. ജനപങ്കാളിത്തത്തോടുകൂടിയുള്ള വനസംരക്ഷണസമിതികളിലൂടെയും വനസംരക്ഷണം ഉറപ്പാക്കുവാൻ വനപാലകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വനപരിപാലനം കുറ്റമറ്റതാക്കുന്നതിനുവേണ്ടി വയർലസ്സ്, ആധുനിക തോക്കുകൾ, പിസ്റ്റലുകൾ തുടങ്ങിയവ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഘട്ടംഘട്ടമായി ഫോറസ്റ്റ് ഗാർഡുകൾ ഉൾപ്പെടെയുള്ള വനപാലകർക്ക് നൽകിവരുന്നു.

...2

| | |
|---|---|
| ബി) വയനാടൻ കാടുകളിൽ നിന്നും കോടിക്കണക്കിന് രൂപാ വിലയുള്ള മരങ്ങൾ (കുളിർമാവ്, കറപ്പമരം) ചെത്തി കടത്തുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന വനം മാഫിയാ സംഘത്തെപ്പറ്റി വിവരം ലഭിച്ചിട്ടുണ്ടോ; | സി) ഇല്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുളിർമാവ് തൊലി അനധികൃതമായി കടത്തിക്കൊണ്ടു പോകുന്നതിനെ സംബന്ധിച്ച് വയനാട് ഡിവിഷനിൽ 5 കേസുകൾ 10 പേർക്കെതിരെ രജിസ്റ്റർ ചെയ്യുകയും 4 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസ് അന്വേഷണം തുടർന്നു വരുന്നു. |
| ഡി) വ്യാജരേഖകൾ ചമച്ച് വനം കൊള്ള നടത്തുന്ന ഇത്തരം സംഘങ്ങളെ നിയന്ത്രിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | ഡി) ഇക്കാര്യത്തിൽ നിയമാനുസൃതമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം:437 | 26/03/2007-ൽ മറുപടിക്ക്

## വൈദ്യുതി ദുരുപയോഗത്തിനെതിരെ ബോധവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക എം.എൽ.എ<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ.എം.എൽ.എ.<br>ശ്രീ.സി.എം.ദിനേശ്മണി.എം.എൽ.എ<br>ശ്രീ. കെ.കെ.ദിവാകരൻ.എം.എൽ.എ.<br>ശ്രീ. സി.എച്ച്.കുഞ്ഞമ്പു.എം.എൽ.എ. | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |
| എ. വൈദ്യുതി ദുരുപയോഗം തടയുന്നതിനായി വൈദ്യുതി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് | എ. 1. ഇലക്ട്രിസിറ്റി ബോർഡ്, അനർട്ട്, എനർജിമാനേജ്മെന്റ് സെന്റർ, ഇലക്ട്രിക്കൽ ഇൻസെപക്ടറേറ്റ് എന്നീ സ്ഥാപനങ്ങൾ വഴി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.<br>2. ഊർജ്ജ സംരക്ഷണവും കാര്യക്ഷമമായ ഉപഭോഗവും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നല്കുന്നുണ്ട്.<br>3. വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിനു വേണ്ടി ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>4. ഊർജ്ജ ഉപയോഗം സംബന്ധിച്ച് കൂടുതൽ കാര്യക്ഷമതയുള്ള യന്ത്ര സാമഗ്രികളും ഉപകരണങ്ങളും ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നല്കുന്നുണ്ട്. |
| ബി. അശ്രദ്ധയോടെ വൈദ്യുതി ഉപയോഗിക്കുന്നതു മൂലം ഉപഭോക്താവിനും രാജ്യത്തിനും ഉണ്ടാകുന്ന നഷ്ടം സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | ബി. സർക്കാർ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും ഇതു സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി. | പൊതു വിളക്കുകൾ കൃത്യ സമയത്ത് പ്രകാശിപ്പിക്കുകയും പുലർച്ചെതന്നെ അണയ്ക്കുകയും ചെയ്യുന്നതിന് കർശന നിർദ്ദേശം നല്കുമോ; ഇതിൽ വീഴ്ച വരുത്തുന്ന വൈദ്യുതി വകുപ്പു ജീവനക്കാർക്കെതിരെ നടപടിസ്വീകരിക്കുമോ; | സി. | നിർദ്ദേശം നല്കിയിട്ടുണ്ട്. നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ഡി. | ഗാർഹിക വൈദ്യുതി ഉപയോഗത്തിൽ അനുവർത്തിക്കേണ്ട ശീലങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിനായി ഇതു സംബന്ധിച്ച പാഠഭാഗങ്ങൾ സ്കൂൾ തലത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | ഡി. | ഈ കാര്യം വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

RRNVan

സെക്ഷൻ ഓഫീസർ.

DEMAND SIDE MANAGEMENT CELL
*Office of the Chief Engineer (Corporate Planning), Vydyuthi Bhavanam, Pattom, Tvm.4.*
*(Tel: 0471-2447404;2514307,2514528,2514601;Fax:0471-2558340;E mail: dcecplg@ksebnet.com*

No.CP/RES/Genl/2006-07/ Date: 06.11.2006

Ref : B .O.(FM) No.2562/2006/RES/DSM/06-07 Dated Thiruvananthapuram. 10-10-2006

# CIRCULAR

In Kerala, the percentage consumption by domestic consumers is comparatively high. Consequently load increases considerably during the evening peak hours. This has a huge financial impact to KSEB. Thus spreading energy conservation message across the state becomes important.

Our offices will have to be presented to the public as models for energy conservation. Accordingly KSE Board has decided vide order reference above to implement a model energy conservation programme in all the offices of KSE Board.

The Board has directed DSM cell to initiate the programme and communicate the steps to be taken in the offices. Accordingly, the steps to be taken in the offices are given below:

1.The monthly average consumption of each office (November 2005 to October 2006) is to be ascertained. This is fixed as the basic consumption of that office

2.The programme insists in reducing monthly energy consumption. Energy meter reading shall be taken in the 1st week of each month starting from 1/12/2006.

3.The monthly consumption shall be collected from 1st January 2007 and that should be exhibited prominently in the notice Board.

4.Consumption shall be reduced by taking the following steps.

a. Switch off fans and lights when not needed.
b. Arrange furniture and files so that natural light and air enters the office.
c. Use energy efficient lights like C F L wherever possible.
d. Keep the wirings in well-maintained condition in order to prevent leakage and keep it presentable before the consumers.

5.Keep an attractive board displaying "ഊർജ്ജസംരക്ഷണത്തിന് ഈ ഓഫീസ് മാതൃക" predominantly.

6.A member of the staff of any category may be posted as the Nodal officer for implementing the programme.

7.The head of the offices shall monitor the consumption periodically and conduct periodical meeting of the staff for the successful implementation of the programme.

8.The Deputy Chief Engineer shall monitor the implementation and shall sent the quarterly report to the Board through the DSM cell.

9.Communciation address of the DSM cell is

Chairman, DSM Cell
Cabin 901 A,
Vydyuthi Bhavanam,
Pattom, Thiruvananthapuram
Phone No.0471- 2514307, Fax: 0471-2558340
Email: dceplg@ksebnet.com

10. A help line will be available for two months for any clarifications at Mobile No.9447159582

(K. RADHAKRISHNAN)
DEPUTY CHIEF ENGINEER IN CHARGE
(CORPORATE PLANNING)

# KERALA STATE ELECTRICITY BOARD

Abstract

Model Energy Conservation Programme in the offices of KSEB- Sanctioned- Orders issued.

CORPORATE OFFICE ( CORPORATE PLANNING )

B.O.(FM)No.2562/2006/RES/DSM/06-07/ dated,Thiruvananthapuram, 10.10.06

Read:- Note No.RES/DSM/2006-07/115 dated 11.09.2006 of Chief Engineer (Corporate Planning)

## ORDER

The Energy Conservation Act 2001 stipulates enforcement of efficient use and conservation of energy. Utilities are responsible to undertake necessary measures to create awareness on efficient use of energy and its conservation. In compliance to the above, a Demand Side Management cell (DSM Cell) was formed in KSEB in order to encourage energy conservation measures.

The Chief Engineer (Corporate Planning) in the note read above recommended to implement a Model Energy Conservation Programme in all the offices of KSEB, with active participation of the staff.

Sanction is hereby accorded to implement a Model Energy Conservation Programme (MECP) in all the offices of KSEB.

DSM cell shall be responsible to initiate the programme, communicate steps to be taken in the offices, monitor the progress and to make periodical reports on the progress of the programme.

By order of the Board

Sd/-
C.U. MATHAI
SECRETARY

To

1. The Chief Engineer (Corporate Planning)
2. The TA to Chairman/Member (Trans & Dist)/Member (Generation)/ Member (Finance)/ Chief of Generation
3. The Chief Engineer (Distribution) North/Central/South
4. The Chief Engineer, Transmission South/North
5. The Chief Engineer (Generation), Moolamattom

# കേരള സംസ്ഥാന വൈദ്യുതി ബോർഡ്

വൈദ്യുതി ഭവനം
പട്ടം. തിരുവനന്തപുരം

നമ്പർ.ആർ.ഇ.എസ്/ഡി.എസ്.എം./2006-07/201 തീയതി. 08-12-2006

## സർക്കുലർ

**വിഷയം:- ഊർജ്ജ സംരക്ഷണ ദിനാചരണം സംബന്ധിച്ച്.**

എല്ലാവർഷവും ഡിസംബർ 14 ന് ഊർജ്ജ സംരക്ഷണദിനമായി ആചരിക്കുന്നത് അറിയാമല്ലോ. ഈ വരുന്ന ഡിസംബർ 14 ന് ഊർജ്ജ സംരക്ഷണദിനാചരണത്തിൽ വൈദ്യുതി ബോർഡിലെ മുഴുവൻ ജീവനക്കാരും പങ്കുചേരുന്നത് നന്നായിരിക്കും.

വൈദ്യുതി ഉപഭോഗം പരമാവധി കുറയ്ക്കുന്നതു വഴി സ്വന്തം കുടുംബ ബഡ്ജറ്റ് ക്രമപ്പെടുത്തുന്നതിനോടൊപ്പം തന്നെ നമ്മുടെ സംസ്ഥാനത്തിന്റെ ഉൽപാദനശേഷിയും ആവശ്യകതയും സംതുലിതപ്പെടുത്തുകയും ചെയ്യുന്നതിൽ ഓരോ ഉപഭോക്താവും പങ്കാളിയാവുകയാണെന്ന് അവരെ ബോധവൽക്കരിക്കുകയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം. ഡിസംബർ 14 ന് സന്ധ്യാസമയത്ത് ഏറ്റവും കുറഞ്ഞ ഉപഭോഗം വഴി കേരളം ഇന്ത്യയ്ക്ക് മാതൃകയാകുകയെന്നത് നമുക്ക് ലക്ഷ്യം വയ്ക്കാം. ഇത് പരമാവധി ഫലപ്രാപ്തിയിലെത്തിക്കുകയെന്നത് തന്റെ കർത്തവ്യമായി കണ്ട് ഓരോ വൈദ്യുതി ബോർഡ് ജീവനക്കാരനും പ്രവർത്തിക്കുവാൻ സന്നദ്ധനാകണം.

ഇതു സംബന്ധിച്ച് താഴെ പറയുന്ന നടപടികൾ എല്ലാ ഡിസ്ട്രിബ്യൂഷൻ സെക്ഷൻ ഓഫീസുകളിലും നടപ്പിലാക്കേണ്ടതാണ്.

- ഡിസംബർ 12 ന് മുമ്പായി എല്ലാ സെക്ഷൻ ഓഫീസിലും സ്റ്റാഫ് കോൺഫറൻസ് വിളിച്ച് കൂട്ടി മുഴുവൻ ജീവനക്കാരെയും ഈ മഹായത്നത്തിൽ പങ്കാളികളാക്കുക.
- എല്ലാ ക്യാഷ് കൗണ്ടറുകളിലും ഊർജ്ജ സംരക്ഷണദിനത്തിന്റെ സന്ദേശം പ്രദർശിപ്പിക്കുക.
- ഊർജ്ജ സംരക്ഷണത്തിനായുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രധാനമായും ജനങ്ങളിൽ എത്തിക്കുക.
- 6 മുതൽ 10 വരെ ഫ്രിഡ്ജ്, എ.സി, മോട്ടോർ, മിക്സി, വൈദ്യുത തേപ്പു പെട്ടികൾ മുതലായവയുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുക.
- തികച്ചും അത്യാവശ്യമല്ലാത്ത ലൈറ്റും ഫാനും ഈ സമയത്ത് ഓഫ് ചെയ്യുക.
- സാധാരണ ബൾബുകൾക്കു പകരം സി.എഫ്.എൽ. ഉപയോഗിക്കുക 80% ത്തോളം വൈദ്യുതി ലാഭിക്കുക.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 438 — 26/3/2007-ൽ മറുപടിക്ക്

പട്ടികജാതി- പട്ടിക വർഗ്ഗ കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

ചോദ്യം

ശ്രീ. വി. ചെന്താമരാക്ഷൻ:

ശ്രീ. കെ.കുഞ്ഞിരാമൻ :

ശ്രീ.ടി.പി.കുഞ്ഞുണ്ണി:

ശ്രീ.കെ.സി.രാജഗോപാലൻ:

മറുപടി

ശ്രീ.എ.കെ.ബാലൻ

പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി.

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(എ) പട്ടികജാതി കോളനികളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കോർപ്പസ് ഫണ്ടിൽ നിന്നും 2004-05 വർഷം കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്-മെൻറുകളിൽ നിക്ഷേപിച്ചിട്ടുള്ള (5കോടി) രൂപയും വർൾച്ചാ ബാധിത പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് അധിക കേന്ദ്ര സഹായ പദ്ധതിയിൽ നിന്നുള്ള 15 കോടി രൂപയും ഉപയോഗിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പട്ടിക വർഗ്ഗ ഉപപദ്ധതി ഗ്രാൻറ് ഇൻ-എയ്ഡ്, പ്രത്യേക കേന്ദ്ര സഹായ പദ്ധതി തുക എന്നിവ വിനിയോഗിച്ചുള്ള വിവിധ പദ്ധതികൾ നടപ്പാക്കി വരുകയാണ്. കൂടാതെ കേന്ദ്ര ഗവൺമെൻറിന്റെ സഹായ-ത്തോടുകൂടി കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയും പട്ടിക വർഗ്ഗ കോളനികളിൽ നടപ്പാക്കുന്നുണ്ട്.

(..2)

| | | |
|---|---|---|
| (ബി) നടപ്പുവർഷം എന്ത് തുക ഇതിനായി വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ; | | പട്ടികജാതി കോളനികളിൽ കേരള വാട്ടർ അതോറിട്ടി മുഖേന നടപ്പുവർഷം 15,54,500/- രൂപയുടെയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് 9,34,486/- രൂപയുടെയും കുടിവെള്ള പദ്ധതികൾ ഇതുവരെ നടപ്പിലാക്കി.<br><br>നടപ്പു വർഷം പട്ടികവർഗ്ഗ വികസന വകുപ്പിൻെറ കോർപ്പസ് ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ വിനിയോഗിച്ച് കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള പട്ടികവർഗ്ഗ ഉപപദ്ധതി ഗ്രാൻറ് ഇൻ എയ്ഡ് വിനിയോഗിച്ചും വിവിധ കുടിവെള്ള പദ്ധതികൾ നടപ്പു വർഷം നടപ്പാക്കുന്നുണ്ട്. |
| (സി) പട്ടികവർഗ്ഗക്കാർക്കായി വയനാട്ടിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പാക്കി വരുന്ന കുടിവെള്ള പദ്ധതി-യുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (സി) | വയനാട് ജില്ലയിലെ 10 പഞ്ചായത്തുകളിൽ കേന്ദ്ര ഗവൺമെൻറിൽ നിന്നും 2002-03, 2003-04 വർഷങ്ങളിൽ ലഭിച്ചിട്ടുള്ള 12.50 കോടി രൂപ വിനിയോഗിച്ച് നടപ്പാക്കി വരുന്ന ഗിരിധാര ശുദ്ധജല വിതരണ ശുചിത്വ പദ്ധതി പ്രകാരം 2874 വീടുകൾക്കും 14 സ്കൂളുകൾക്കും ഉള്ള കുടിവെള്ള പദ്ധതി ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) പദ്ധതിഎന്ന് പൂർത്തിയാകുമെന്ന് അറിയിക്കുമോ; ഇതുമൂലം എത്രപേർക്ക് പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ; പദ്ധതി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | പദ്ധതി നടത്തിപ്പിന് സർക്കാർ ചുമതലപ്പെടുത്തിയിരുന്ന ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻെറ പ്രവർത്തനം അവസാനിപ്പിച്ചിരിക്കുകയാണ്. ഈ പദ്ധതിക്ക് അനുവദിച്ച 12.50 കോടി രൂപയിൽ 9.37 കോടി രൂപ ഈ പദ്ധതിയ്ക്കായി വിനിയോഗിച്ചു. പദ്ധതി ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:439

26.3.2007-ൽ മറുപടിയ്ക്ക്

## ഭവന നിർമ്മാണ ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു പോൾ | ശ്രീ.ബിനോയ് വിശ്വം (ബഹു. വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവന നിർമ്മാണ ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എത്ര രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടിയെന്ന് വ്യക്തമാക്കാമോ; | (എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 31.12.2006ലെ കണക്കുകളനുസരിച്ച് ഏകദേശം 102 കോടി രൂപ കുടിശ്ശികയിനത്തിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഈ പദ്ധതിയുടെ കാലാവധി 30/1/2007ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 5/2007/ഭവനം പ്രകാരം 31/3/2007വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (സി) വളരെ പാവപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (സി) യും (ഡി) യും ഇപ്പോൾ അത്തരം പദ്ധതികൾ ഒന്നുമില്ല .ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്. |
| (ഡി) ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 440 — 26.03.2007 ൽ മറുപടിയ്ക്ക്

**കെ.എസ്.ഇ.ബി. പുനഃസംഘടനാ സമിതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.വാഹീദ് (എം.എൽ.എ)<br>ശ്രീ.പി.സി.വിഷ്ണുനാഥ് (എം.എൽ.എ)<br>ശ്രീ.കെ.ശിവദാസൻ നായർ (എം.എൽ.എ) | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |
| (എ) 2003-ലെ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് കെ.എസ്.ഇ.ബി. പുനഃസംഘടിപ്പിക്കാൻ ഒരു സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാമാണ്; | (എ) വൈദ്യുതി നിയമം 2003 ന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.യെ ഒറ്റ കുടക്കീഴിലുള്ള പൊതുമേഖലാസ്ഥാപനമായി പുനഃസംഘടിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 18.11.2006 ലെ ജി.ഒ.(എം.എസ്) നമ്പർ 28/06/പിഡി പ്രകാരം നാല് അംഗങ്ങളുള്ള ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. അംഗങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.<br>1. ശ്രീ.എം.കെ.ദാമോദരൻ (മുൻ അഡ്വക്കേറ്റ് ജനറൽ)<br>2. ശ്രീ.പി.എ.സിദ്ധാർത്ഥമേനോൻ (മുൻ ചെയർമാൻ, കെ.എസ്.ഇ.ബി)<br>3. ശ്രീ.കെ.ആർ.ഉണ്ണിത്താൻ (റിട്ടയേർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി)<br>4. പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്, കേരള സർക്കാർ. |
| (ബി) ഇവരുടെ നിയമനം സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) ഈ വിദഗ്ദ്ധ സമിതിയിലെ അംഗങ്ങൾ ഏതെല്ലാം മേഖലകളിൽ വൈദഗ്ദ്ധ്യം തെളിയിച്ചിട്ടുണ്ട്;<br>(ഡി) ഇവരെ ഈ സമിതിയിലേക്ക് തെരഞ്ഞെടുക്കാൻ സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ? | (സി) & (ഡി) നിയമം, എഞ്ചിനീയറിംഗ്, ഭരണ നിർവ്വഹണം എന്നീ മേഖലകളിൽ പ്രാവീണ്യവും പ്രവർത്തന പരിചയവും ഉള്ളവരാണ് സമിതിയിലെ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

Annexure - 1 15

CHAIRMAN
K.S.E.B.
21 NOV 2006
FTM, Secretary

GOVERNMENT OF KERALA
Abstract

Power Department - Power Sector Reforms in Kerala—Restructuring of Kerala State Electricity Board—Committee constituted - Orders issued.

POWER (C) DEPARTMENT

G.O.(Ms) No.28/2006/PD. Dated, Thiruvananthapuram, 18.11.2006

Read: - D.O. Letter No. 7/13/2002-APDRP dated, September 25, 2006 from the Joint Secretary, Government of India, Ministry of Power, New Delhi.

ORDER

Government of India has taken various measures like enactment of Electricity Act, 2003, notification of National Electricity Policy and Tariff Policy, RGGVY, APDRP etc. for the improvement of Power Sector. As part of the reform measures, the Union Power Ministry has highlighted certain major issues such as functional unbundling of SEB, non payment of subsidy to Kerala State Electricity Board which has accumulated over a period of time and has reached a level of approx 43 Billion Rupees as on 31.03.2005; non payment of electricity charges amounting to Rs. 797.37 Crore by various Government Departments, implementation of anti theft provisions of the Electricity Act, 2003 and formation of special court and police station etc.

2. The Government of India has stated that in the Eleventh Plan period Central Government will provide assistance only to those States that are in the path of reform as per the Electricity Act, 2003 and sustained improvement in the utility's financial viability needs to be made evident.

3. In the circumstances Government are pleased to constitute a Committee as shown below to look into the restructuring of Kerala State Electricity Board.

-2-

(i) Shri. M.K. Damodaran (formerly Advocate General), Thanusree, Chittoor Road, Kacheripadi, Ernakulam - 18

(ii) Shri. P.A. Sidhartha Menon, (formerly Chairman, Kerala State Electricity Board), Sankar Vihar, Punnapra, Alappuzha - 690004

(iii) Shri. K.R. Unnithan, (Retired Executive Engineer, Kerala State Electricity Board), Jyothish, Muthukulam, (Via) Kayamkulam, Alappuzha District

(iv) Principal Secretary to Government, Power Department -Member Secretary

4. The Electricity Act, 2003 stipulates restructuring of SEBs and accordingly the terms of reference of this committee will be to suggest the restructuring of Kerala State Electricity Board by retaining it in the Public Sector under one umbrella.

By Order of the Governor,
K.K. VIJAYAKUMAR
PRINCIPAL SECRETARY TO GOVT.

To

The persons concerned
The Chairman, Kerala State Electricity Board, Thiruvananthapuram.
The General Administration (SC) Department
(vide Council of Ministers decision item No. 473 dated 17.11.2006)
The Principal Accountant General (Audit) Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram

Forwarded / BY Order

Section Officer

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 441

26.03.2007-ൽ മറുപടിയ്ക്ക്

## അടുക്കളത്തോട്ട നിർമ്മാണം

ചോദ്യം

ശ്രീ. എം.ജെ. ജേക്കബ്
ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. കെ.ടി. ജലീൽ

മറുപടി

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

എ) വീടുകളോടനുബന്ധിച്ച് അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നത്;

എ) "നഗരത്തിൽ ഒരു നാട്ടിൻപുറം" പദ്ധതി പ്രകാരം കഴിഞ്ഞ മൂന്നു വർഷമായി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലും 2006-2007 മുതൽ കൊല്ലം, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകളിലും റസിഡൻസ് അസോസിയേഷനുകളുമായി സഹകരിച്ചാണ് അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുന്നത്. അമ്പത് ശതമാനം സബ്സിഡി നിരക്കിൽ മണ്ണിരക്കമ്പോസ്റ്റ് നിർമ്മാണം, പച്ചക്കറി വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ വിതരണം, കാർഷിക ഉപകരണങ്ങൾ, സസ്യ സംരക്ഷണ ഉപകരണം എന്നിവ നൽകിവരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൃഷി വകുപ്പുമായി സഹകരിച്ച് അടുക്കളത്തോട്ട നിർമ്മാണ പ്രോജക്ടുകൾക്ക് 1997 മുതൽ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി സഹായം നൽകി വരുന്നുണ്ട്. കൊച്ചിൻ കോർപ്പറേഷനിൽ മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'ഹരിത നഗരി' എന്ന പദ്ധതി വി.എഫ്.പി.സി.കെ. നടപ്പിലാക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലും പച്ചക്കറി കൃഷി

| | |
|---|---|
| | വ്യാപനത്തിന് വേണ്ടി 'അടുക്കളത്തോട്ടം' പരിപാടി നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുന്നുണ്ട്. |
| ബി) കൃഷിക്ക് ആവശ്യമായ അത്യുൽപാദന ശേഷിയുള്ള വിത്തുകൾ സൗജന്യമായി നൽകുന്നതിന് പദ്ധതി നിലവിലുണ്ടോ; | ബി) ഇല്ല. സബ്സിഡി നിരക്കിൽ വിത്തുകൾ ലഭ്യമാക്കുന്നുണ്ട്. |
| സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുവാൻ പ്രോത്സാഹനം നൽകുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിക്കുമോ; | സി) കൃഷി വകുപ്പിന്റെ 40% ത്തോളം പ്ലാൻ ഫണ്ട് തുക വിനിയോഗിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടിയാണ്. 1997 മുതൽ ജനകീയാസൂത്രണ/കേരള വികസന പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടുക്കളത്തോട്ട നിർമ്മാണത്തിനുള്ള പ്രോജക്ടുകൾ സബ്സിഡിയോടുകൂടി നടപ്പിലാക്കി വരുന്നുണ്ട്. |
| ഡി) ഏറ്റവും നല്ല അടുക്കളത്തോട്ടത്തിന് സമ്മാനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) നിർദ്ദേശം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 442 — 26.3.07- ൽ മറുപടിയ്ക്ക്

ലക്ഷംവീടുകളുടെ നവീകരണ ജോലികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ :<br>ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി : | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ) കാലപ്പഴക്കം കൊണ്ടു നാശോന്മുഖമായിരിക്കുന്ന ലക്ഷം വീടു കോളനി വീടുകൾ കേടുപാടുകൾ തീർക്കുന്നതിനോ നവീകരിക്കുന്നതിനോ ആലോചിക്കുന്നുണ്ടോ;<br><br>ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | എ) യും ബി) യും<br>സംസ്ഥാനത്തെ ലക്ഷം വീടുകൾ നവീകരിക്കുന്നതിനായി ലക്ഷം വീട് നവീകരണ പദ്ധതി 26.11.04 ലെ സർക്കാർ ഉത്തരവ് പ്രകാരം ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കിവരുന്നു. ഒറ്റവീടുകൾ നവീകരിക്കുന്നതിനും ഇരട്ടവീടുകൾ ഒറ്റവീടുകളായി പുതുക്കിപ്പണിയുന്നതിനുമായി ഒരു വീടിന് 40,000/- രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. അതിൽ 50% സർക്കാർ സഹായവും ബാക്കി 50% സന്നദ്ധ സംഘടനകൾ/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതവുമാണ്. സർക്കാർ വിഹിതമായി അനുവദിച്ച 5 കോടി രൂപ ഉപയോഗിച്ച് പരമാവധി 2500 വീടുകളുടെ നവീകരണം നടപ്പിലാക്കാവുന്നതാണ്. ഇതിൽ 951 വീടുകളുടെ നവീകരണം വിവധ ജില്ലകളിൽ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി വീടുകളുടെ നവീകരണം പുരോഗമിക്കുന്നു. |
| സി) നവീകരണ ജോലികൾ എന്നത്തേക്ക് പൂർത്തിയാക്കും എന്നറിയിക്കാമോ? | നവീകരണ ജോലികൾക്കാവശ്യമായ തുകയുടെ ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 443 -26.3.07 ലെ മറുപടി യ്ക്ക്

ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്

ചോദ്യം

ശ്രീ. മുരളി പെരുനെല്ലി

ശ്രീ . എ. പ്രദീപ് കുമാർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ .സാജു പോൾ

ശ്രീ.പി.പി.അബ്ദുള്ള കുട്ടി

ഉത്തരം

ശ്രീ റ്റി.എം. തോമസ് ഐസക്ക്

ധനകാര്യവകുപ്പു മന്ത്രി

| | |
|---|---|
| എ. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നിക്ഷേപകരെ ആകർഷിയ്ക്കുന്നതിനു വേണ്ടി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ? | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപകരെ ആകർഷിയ്ക്കുന്നതിന് പുതുക്കിയ പലിശനിരക്ക് കാണിയ്ക്കുന്ന ബോർഡുകൾ എല്ലാ ട്രഷറികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. |
| ബി. -ട്രഷറി നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ? വർദ്ധിപ്പിച്ച നിരക്ക് എത്രയാണ്? | ജി.ഒ. (പി) 51/07/ഫിൻ തിയതി 9.2.07 പ്രകാരം ട്രഷറി നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് 5%,<br>180 ദിവസത്തിനു മുകളിലുള്ളതും 1 വർഷത്തിനു താഴെയുള്ളതുമായ ഫിക്സഡ് ഡിപ്പോസിറ്റിന്റെ പലിശ 7%,<br>1 വർഷത്തിനു മുകളിലുള്ളതും 3 വർഷത്തിനു താഴെയുള്ളതുമായ ഫിക്സഡ്ഡിപ്പോസിറ്റിന് 7.5%<br>3 വർഷത്തിനു മേലുള്ള ഫിക്സഡ് ഡിപ്പോസിറ്റിന് 9% എന്നിങ്ങനെയാണ് വർദ്ധിപ്പിച്ച പലിശ നിരക്ക്. |
| സി. ട്രഷറി യിൽ നിന്നും പണം വിതരണം ചെയ്യുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ അത് ട്രഷറി നിക്ഷേപങ്ങൾക്ക് ബാധകമാക്കാതിരിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ? | സർക്കാരിതര സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ട്രഷറി നിക്ഷേപങ്ങൾ ഒരിക്കലും ട്രഷറി നിയന്ത്രണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| ഡി. ട്രഷറിയിൽ നിന്നും നേരിട്ട് ശമ്പളമെഴുതി ബിൽ മാറ്റുന്ന എല്ലാ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും ട്ര ഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കുമോ? | ട്രഷറിയിൽ നിന്നും നേരിട്ട് ശമ്പളമെഴുതി ബിൽ മാറുന്ന ഗസറ്റഡ് ഉദ്യോഗസ്ഥൻമാർക്ക് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിർബന്ധ മാക്കിയിട്ടില്ല. ഇതിനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

ധനകാര്യമന്ത്രി അംഗീകരിച്ചത്

Jayalal

അക്കൗണ്ട്സ് ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## നാലാം സമ്മേളനം

*നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 444* — *26.03.2007 ൽ മറുപടിയ്ക്ക്.*

### <u>വൺ റാങ്ക് വൺ പെൻഷൻ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജോർജ്ജ് മേഴ്സിയർ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. കെ.ബാബു. | ഡോ. റ്റി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പു മന്ത്രി. |

---

(എ) പെൻഷൻ പരിഷ്ക്കരണത്തിൽ എന്തെല്ലാം അപാകതകളുണ്ടെന്നാണ് പെൻഷൻകാരുടെ സംഘടന ചൂണ്ടിക്കാണിച്ചിട്ടുള്ളത്;

» പെൻഷൻ പരിഷ്ക്കരണ ഉത്തരവിനെ സംബന്ധിച്ച് പ്രധാനമായി താഴെപ്പറയുന്ന അപാകതകളുണ്ടെന്നാണ് പെൻഷൻകാരുടെ വിവിധ സംഘടനകൾ / വ്യക്തികൾ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

(i) നിയമസഭയിൽ പാസ്സാക്കിയ പ്രമേയത്തിലുൾപ്പെടെ അംഗീകരിക്കപ്പെട്ടിട്ടുള്ള അഞ്ചു വർഷത്തിലൊരിക്കൽ ശമ്പള പരിഷ്ക്കരണം എന്നുള്ള അടിസ്ഥാന തത്വത്തിനു വിരുദ്ധമായി 01.03.2002 ൽ നടപ്പിലാക്കേണ്ടിയിരുന്ന ശമ്പള പരിഷ്ക്കരണം 01.07.2004 മുതലാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ഈ കാലപരിധിക്കിടയിൽ പെൻഷൻ പറ്റിയിട്ടുള്ള ജീവനക്കാർക്കും ശമ്പള പരിഷ്ക്കരണത്തിന്റെ ആനുകൂല്യവും അതിൻ പ്രകാരമുള്ള പെൻഷൻ വർദ്ധനവും നഷ്ടപ്പെട്ടു.

(ii) പാക്കേജായി 01.3.2002 നും 30.6.2004 നും ഇടയിൽ വിരമിച്ചവർക്ക് ശമ്പള പരിഷ്ക്കരണം ലഭിക്കാതെ പോയതുകൊണ്ട് പെൻഷൻ പരിഷ്ക്കരണത്തിൽ ന്യായമായ ആനുകൂല്യം ലഭിച്ചിട്ടില്ല.

(iii) വൺ റാങ്ക് വൺ പെൻഷന്റെ ആനുകൂല്യം 01.7.2004 നും അതിനു ശേഷവും വിരമിച്ചവർക്ക് നൽകിയിട്ടില്ല.

(iv) 01.7.2004 നും 28.02.2006 നും ഇടയിൽ വിരമിച്ചവർക്ക് വാങ്ങിവന്നിരുന്ന പെൻഷനിൽ കുറവു സംഭവിച്ചിരിക്കുന്നു.

(v) ശമ്പള പരിഷ്ക്കരണ ഉത്തരവും പെൻഷൻ പരിഷ്ക്കരണ ഉത്തരവും പുറപ്പെടുവിച്ചിട്ടുള്ളത് വ്യത്യസ്ത തീയതികളിലായതിനാൽ ശമ്പള പരിഷ്ക്കരണത്തിന് നൽകിയ ഓപ്ഷൻ പെൻഷനിൽ കുറവു വരുത്താൻ ഇടയാക്കി.

(vi) ശമ്പള പരിഷ്കരണ ഉത്തരവിന് 01.07.2004 മുതൽ പ്രാബല്യം നൽകിയിട്ടുള്ളതിനാൽ പുതുക്കിയ നിരക്കിലെ പെൻഷൻ കമ്മ്യൂട്ടേഷനും അതേ തീയതി ബാധകമാക്കിയിട്ടില്ല.

(vii) 01.07.2003 ലെ ഡി.എ. നിരക്കിന്റെ അടിസ്ഥാനത്തിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയ സാഹചര്യത്തിൽ പ്രസ്തുത തീയതി മുതൽ ശമ്പള പരിഷ്ക്കരണത്തിന്റെ പ്രാബല്യം നൽകാതിരുന്നത് അപാകതയാണ്.

(viii) പെൻഷൻ പരിഷ്ക്കരണത്തിൽ ശമ്പളക്കമ്മീഷൻ റിപ്പോർട്ടിലെ സ്റ്റേജ് ഫിക്സേഷൻ ഉറപ്പാക്കിയിട്ടില്ല

(ix) വൺ റാങ്ക് വൺ പെൻഷൻ സ്കീം ഏർപ്പെടുത്തിയെങ്കിലും സർവ്വീസ് ദൈർഘ്യം കുറയുന്നതനുസരിച്ച് 30 വർഷത്തിൽ താഴെ സർവ്വീസുള്ളവർക്ക് പെൻഷൻ കുറയുന്നു.

(x) സർവ്വീസ് വെയിറ്റേജ് നിഷേധിച്ചിരിക്കുന്നു. 6% ഫിറ്റ്മെന്റ് ബെനിഫിറ്റ് തികച്ചും അപര്യാപ്തമാണ്.

(xi) കുറഞ്ഞ ആനുകൂല്യമായി (മിനിമം ബെനിഫിറ്റ്) അനുവദിച്ച 200/- രൂപ വളരെ കുറവാണ്.

(xii) പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് പെൻഷൻകാർക്ക് ലഭിച്ച ആനുകൂല്യവും വളരെ പരിമിതമാണ്.

(xiii) അടിസ്ഥാന പെൻഷന് ഇടക്കാലാശ്വാസവും ഉൾപ്പെടുത്താതിരിക്കുന്നത് അപാകതയാണ്.

| | | | |
|---|---|---|---|
| | | | (xiv) 1983-ന് മുമ്പ് റിട്ടയർ ചെയ്ത എൽ.പി./യു.പി. ഹെഡ് മാസ്റ്റർമാർക്ക് സമയ ബന്ധിത ഹയർ ഗ്രേഡ് കൂടി കണക്കാക്കി പെൻഷൻ അനുവദിക്കാതിരിക്കുന്നത് വൺറാങ്ക് വൺ പെൻഷൻ തത്വത്തിന് നിരക്കുന്നതല്ല.<br>(xv) സർവ്വീസ് കാലയളവ് കണക്കാക്കി പെൻഷൻ നൽകുന്നതുകൊണ്ട് പെൻഷൻ തുകയിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നു.<br>(xvi) പത്തു വർഷം സർവ്വീസുള്ളവർക്കും 18 വർഷം സർവ്വീസുള്ളവർക്കും ഒരേ പെൻഷൻ നല്കുന്നത് ശരിയല്ല.<br>(xvii) വൺറാങ്ക് വൺ പെൻഷൻ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം ശരിയല്ല. |
| (ബി) | 'വൺ റാങ്ക് വൺ പെൻഷൻ' നടപ്പാക്കുന്നതിനുള്ള ഉത്തരവിൽ എന്തെങ്കിലും പാകപ്പിഴകളുണ്ടോ; | » | ഉള്ളതായി പെൻഷൻകാരുടെ സംഘടനകൾ പരാതി ഉന്നയിച്ചിട്ടുള്ളതിനാൽ അവ വിശദമായി പരിശോധിച്ചുവരികയാണ്. |
| (സി) | ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ എന്തെല്ലാം നടപടികളെടുത്തു; | » | ഉണ്ടെങ്കിൽ അവ പരിഹരിക്കാനായി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പെൻഷൻ റിവിഷൻ നടത്തുമ്പോൾ പെൻഷൻകാർക്ക് എന്തെല്ലാം ചികിത്സാ ആനുകൂല്യങ്ങൾ നൽകണമെന്നാണ് പെൻഷൻ റിവിഷൻ കമ്മിറ്റിയോ ശമ്പളപരിഷ്ക്കരണ കമ്മീഷനോ നിർദ്ദേശിച്ചിരുന്നത്; | » | മെഡിക്കൽ അലവൻസിനെ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായി മാറ്റുന്നതിനുവേണ്ടി കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇത് നടപ്പിലാക്കാൻ കാലതാമസമുണ്ടാകുമെന്നുള്ളതിനാൽ കമ്മീഷൻ തന്നെ നിലവിലുള്ള മെഡിക്കൽ അലവൻസ് 50/- രൂപയിൽ നിന്നും 100/- രൂപയാക്കി ഉയർത്തുവാൻ ശുപാർശ ചെയ്തിരുന്നു. |
| (ഇ) | പ്രസ്തുത ആനുകൂല്യം അവർക്ക് നൽകിയോ; ഇല്ലാത്തപക്ഷം അവ അനുവദിക്കുമോ? | » | ശുപാർശ പ്രകാരം മെഡിക്കൽ അലവൻസ് 100/- രൂപയാക്കി ഉയർത്തിയിട്ടുണ്ട്. |

അക്കൗണ്ടന്റ് ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.445 — 26.3.2007 ൽ മറുപടിയ്ക്ക്

## വാനില കൃഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.വേണുഗോപാൽ<br>ശ്രീ.ജി.കാർത്തികേയൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ)സംസ്ഥാനത്തെ വാനില കർഷകർ നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ; | എ) വിലയിരുത്തിയിട്ടുണ്ട്. |
| ബി)ഇവയ്ക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; | ബി) വാനില വിപണിയിൽ ഇപ്പോഴുള്ള പ്രതിസന്ധി സംസ്കരിച്ച വാനില ബീൻസ് വാങ്ങുവാൻ കച്ചവടക്കാരാരും തയ്യാറാകാത്തതാണ്. ഉൽപ്പന്നം വാങ്ങാതെ കമ്പനികളും അവരുടെ ഏജന്റുമാരും കമ്പോളത്തിൽ നിന്നും വിട്ടുനിൽക്കുന്നത് വിലയിടിയാനും കാരണമായി.ഈ സ്ഥിതി പരിഹരിക്കുന്നതിനായി 'വാനിൽകോ' എന്ന ഒരു സൊസൈറ്റി മൂവാറ്റുപുഴയിൽ സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള മൊത്ത വ്യാപാര വിപണിയിൽ പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ എല്ലാ പ്രദേശത്തെയും കർഷകരിൽ നിന്നും ഈ സൊസൈറ്റി വാനില സംഭരിച്ചു വരുന്നു. സിന്തറ്റിക് വാനില , സ്വാഭാവിക വാനില എന്നിവയുടേയും അവ ഉപയോഗിച്ചു നിർമ്മിക്കുന്ന ഐസ്ക്രീം തുടങ്ങിവയുടേയും നികുതി ഘടനയിൽ സ്വാഭാവിക വാനിലയ്ക്കനുകൂലമായ ഒരു നയം രൂപീകരിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

..........2

| | |
|---|---|
| സി)വാനില കൃഷി പരിപോഷിപ്പിക്കുന്നതിന് ഈ സാമ്പത്തിക വർഷം എന്തു തുക നീക്കിവെച്ചിട്ടുണ്ടെന്നും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കുമെന്നും വ്യക്തമാക്കുമോ? | സി) വാനില കൃഷി പരിപോഷിപ്പിക്കുന്നതിന് ഈ സാമ്പത്തിക വർഷം തുക നീക്കിവച്ചിട്ടില്ല. എന്നാൽ കൃഷി വകുപ്പിന്റെ ഫാമുകൾ വഴി നല്ലയിനം വാനില നടീൽ വസ്തുക്കൾ കർഷകർക്ക് ഇപ്പോൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.* 446

26.3.2007-ൽ മറുപടിക്ക്

## കാർഷിക ഇൻഷ്വറൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. പി. തിലോത്തമൻ :<br>ശ്രീ.എ.കെ. ചന്ദ്രൻ:<br>ശ്രീ.കെ. രാജു: | ശ്രീ. മുല്ലക്കര രത്നാകരൻ<br>( കൃഷി വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഏതെല്ലാം തരത്തിലുള്ള ഇൻഷ്വറൻസ് പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) രണ്ട് തരത്തിലുള്ള ഇൻഷ്വറൻസ് പദ്ധതികൾ -<br>1. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി.<br>2. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി. |
| (ബി) ഏതെല്ലാം വിളകളെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; അവ ഏതെല്ലാം; | (ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ കേരളത്തിലെ താഴെ പറയുന്ന 25 പ്രധാന വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. നെല്ല്, തെങ്ങ്, കവുങ്ങ്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പുകയില, കരിമ്പ്, എന്നിവയാണവ. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക എന്നീ 6 വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

(സി) ഓരോ പദ്ധതിയിൽ നിന്നും കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഏരിയ അപ്രോച്ച് അനുസരിച്ചാണ് നൽകുന്നത്. ഒരു സീസണിൽ പ്രഖ്യാപിത പ്രദേശത്ത് വിളയുടെ ഉല്പാദനത്തിലുണ്ടാകുന്ന കുറവിനെയും വിള ഇൻഷ്വർ ചെയ്തിരിക്കുന്ന തുകയെയും ആശ്രയിച്ചാണ് ആനുകൂല്യങ്ങൾ കണക്കാക്കുന്നത്.

(ഡി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) 2006-07 വർഷത്തിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം 11,577 കർഷകർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ഇതിൽ 2757 കൃഷിക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിപ്രകാരം 10,494 കർഷകർക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ

## അനുബന്ധം -1

## വിളകളുടെ ഇൻഷുർ ചെയ്യാവുന്ന പ്രായപരിധി,പ്രീമിയം,നഷ്ടപരിഹാരതോത്

| നം പർ | വിളകൾ | ഇൻഷുർ ചെയ്യാൻ വേണ്ട വിളകളുടെ ഏറ്റവും കുറഞ്ഞ എണ്ണം/വിസ്തീർണ്ണം | വിള ഇൻഷുർ ചെയ്യാൻ വേണ്ട പ്രായം | അടയ്ക്കേണ്ട പ്രീമിയം | നഷ്ടപരിഹാര തോത് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | തെങ്ങ് | 10 എണ്ണം | ഒരാണ്ടിൽ കുറഞ്ഞത് 30 നാളികേരമെങ്കിലും കായ്ഫലം നൽകുന്ന തെങ്ങുകൾ | തെങ്ങൊന്നിന് 2 രൂപ ഒരു വർഷത്തേയ്ക്ക്, 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് 5 രൂപ | തെങ്ങൊന്നിന് 1000 രൂപ |
| 2 | കമുക് | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് 1 രൂപ 3വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് 2 രൂപ | ഒരു മരത്തിന് 100 രൂപ |
| 3 | റബ്ബർ | 25 എണ്ണം | കറയെടുക്കുന്ന മരങ്ങൾ | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് 2രൂപ 3വർഷം ഒന്നിച്ചടച്ചാൽ മരമൊന്നിന് 5 രൂപ | ഒരു മരത്തിന് 500 രൂപ |
| 4 | കശുമാവ | 5 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു മരത്തിന് 1 വർഷത്തേയ്ക്ക് 2 രൂപ 3 രൂപ 5 വർഷത്തേയ്ക്ക് | ഒരു മരത്തിന് 200 രൂപ |
| 5 | വാഴ(ഏത്തൻ, കപ്പ,പാളയംകോടൻ റോബസ്റ്റ് | 10 എണ്ണം | നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ | ഒരു വാഴയ്ക്ക് 2 രൂപ | കുലയ്ക്കാത്തതിന് 20 രൂപ കുലച്ചതിന് 50 രൂപ |
| 6 | മരച്ചീനി | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിന് ശേഷം അഞ്ചു മാസം വരെ | 0.02 ഹെക്ടറിന് 2 രൂപ | 0.02 ഹെക്ടറിന് 100 രൂപ (ഹെക്ടറൊന്നിന് 5000 രൂപ) |
| 7 | കൈതച്ചക്ക | 0.02 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിന് ശേഷവും ആറുമാസത്തിനകവും | 0.02 ഹെക്ടറിന് 25 രൂപ | 0.02 ഹെക്ടറിന് 500രൂപ (ഹെക്ടറൊന്നിന് 25000 രൂപ) |
| 8 | കുരുമുളക് | 15 തെങ്ങ് മരങ്ങളിൽ ഉള്ളവ | കായ്ച്ച് തുടങ്ങിയവ | ഒരു താങ്ങു മരത്തിലുള്ളതിന് ഒരു വർഷത്തേയ്ക്ക് ഒരു രൂപ മൂന്ന് വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 2 രൂപ | ഓരോ താങ്ങു മരത്തിലും ഉള്ളതിന് 40 രൂപ വീതം |
| 9 | ഏലം | 1 ഹെക്ടർ | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഹെക്ടറിന് 1000 രൂപ മൂന്ന് വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 2500 രൂപ | ഹെക്ടറൊന്നിന് 30000 രൂപ |

| | | | | | |
|---|---|---|---|---|---|
| 10 | ഇഞ്ചി | 0.02 ഹെക്ടർ 5 മാസം വരെ | നട്ട് ഒരു മാസം കഴിഞ്ഞ് | 0.02 ഹെക്ടറിന് 10 രൂപ | 0.02 ഹെക്ടറിന് 800 ഹെക്ടറൊന്നിന് 40000 രൂപ |
| 11 | മഞ്ഞൾ | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് മൂന്ന് മാസം വരെ | 0.02 ഹെക്ടറിന് 10 രൂപ | 0.02 ഹെക്ടറിന് 800രൂപ(ഹെക്ടറൊന്നിന് 40000 രൂപ) |
| 12 | കാപ്പി | 10 മരങ്ങൾ | കായ്ഫലമുള്ളത് | ഒരു ചെടിയ്ക്ക് 1 വർഷത്തേയ്ക്ക് 1 രൂപ. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 2 രൂപ | 1 മരത്തിന് 75 രൂപ |
| 13 | തേയില | 1 ഹെക്ടർ | ഇലയെടുത്ത് തുടങ്ങിയ ചെടികൾ | ഹെക്ടറൊന്നിന് 1 വർഷത്തേയ്ക്ക് 1000 രൂപ 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 2500 രൂപ | ഹെക്ടറൊന്നിന് 60000 രൂപ. ഇൻഷ്വർ ചെയ്തതിന്റെ 10 ശതമാനമോ 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ്. |
| 14 | കൊക്കോ | 5 എണ്ണം | കായ്ഫലമുള്ളത് | 1 രൂപ ഒരു മരത്തിന് 1 വർഷത്തേയ്ക്ക് 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 2 രൂപ | ഒരു മരത്തിന് 35 രൂപ |
| 15 | നിലക്കടല | 0.1 ഹെക്ടർ | നട്ട് കഴിഞ്ഞ് ഒരു മാസത്തിന് ശേഷം രണ്ടു മാസത്തിന് മുൻപ് | 0.1 ഹെക്ടറിന് 25 രൂപ | 0.1 ഹെക്ടറിന് 800 രൂപ(ഹെക്ടറൊന്നിന് 8000 രൂപ) |
| 16 | എള്ള് | 0.1 ഹെക്ടർ | വിതച്ച് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെ | 0.1 ഹെക്ടറിന് 25 രൂപ | 0.1 ഹെക്ടറിന് 500 രൂപ(ഹെക്ടറൊന്നിന് 5000 രൂപ) |
| 17 | പച്ചക്കറി | 0.04 ഹെക്ടർ | നട്ട് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെ | 10 സെന്റിന് 10 രൂപ | 10 സെന്റിന് 600 രൂപ (പന്തലില്ലാത്തവയ്ക്ക് ഹെക്ടറൊന്നിന് 15000 രൂപ 10 സെന്റിന് 1000 രൂപ( 25000 രൂപ പന്തലുള്ളവയ്ക്ക് ഹെക്ടറൊന്നിന്) |
| 18 | ജാതി | 5 എണ്ണം | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഒരു മരത്തിന് 2 രൂപ. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 5 രൂപ | 200 രൂപ ഒരു മരത്തിന് |
| 19 | ഗ്രാമ്പു | 5 എണ്ണം | കായ്ഫലമുള്ളത് | ഒരു വർഷത്തേയ്ക്ക് ഒരു മരത്തിന് 2 രൂപ. 3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ 5 രൂപ | 150 രൂപ ഒരു മരത്തിന് |
| 20 | വെറ്റില | ഒരു സെന്റ് | വിളവെടുപ്പ് ആരംഭിച്ചത് | ഒരു വർഷത്തേയ്, സെന്റ് ഒന്നിന് 5 രൂപ | സെന്റ് ഒന്നിന് 25 0രൂപ |
| 21 | പയർ വർഗ്ഗങ്ങൾ | 0.10 ഹെക്ടർ | നട്ട് ഒരാഴ്ചയ്ക്കഴിഞ്ഞ് 1 1/2 മാസം വരെ | 0.10 ഹെക്ടറിന് 12.50 രൂപ | 0.1 ഹെക്ടറിന് 250 രൂപ (ഹെക്ടറിന് 2500 രൂപ) |
| 22 | കിഴങ്ങു വർഗ്ഗങ്ങൾ (ചേന,മധുര കിഴങ്ങ്) | 0.02 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ | (എ) ചേനകൃഷിയ്ക്ക് 5 രൂപ (ബി) മധുരകിഴങ്ങ് കൃഷിയ്ക്ക് 3 രൂപ മധുരകിഴങ്ങ് ഹെക്ടറൊന്നിന് | (എ) 0.02 ഹെക്ടറിന് 500 രൂപ ചേന (ഹെക്ടറിന് 25000 രൂപ) ബി) 0.02 ഹെക്ടറിന് 200 രൂപ ഹെക്ടറൊന്നിന് 10,000 രൂപ) |

| | | | | | |
|---|---|---|---|---|---|
| 23 | കരിംപ് | 0.10 ഹെക്ടർ | നട്ട് ഒരു മാസം കഴിഞ്ഞ് 3 മാസം വരെ | 0.10 ഹെക്ടറിന് 60 രൂപ | 0.1 ഹെക്ടറിന് 3000 രൂപ (ഹെക്ടറൊന്നിന് 30000 രൂപ) |
| 24 | പുകയില | 0.02 ഹെക്ടർ | നട്ട് രണ്ടാഴ്ച കഴിഞ്ഞ് 2 മാസം വരെ | 0.02 ഹെക്ടറിന് 2 രൂപ | 0.02 ഹെക്ടറിന് 400 രൂപ (ഹെക ടറൊന്നിന് 20000 രൂപ) |
| 25 | നെല്ല് | 0.10 ഹെക്ടർ | നട്ട് അല്ലെങ്കിൽ വിതച്ച് 15 ദിവസം കഴിഞ്ഞ് 2 മാസം വരെ | 0.10 ഹെക്ടറിന് 25 രൂപ | 45 ദിവസത്തിനകമുള്ള വിളകൾക്ക് 3000/- രൂപ ഹെക്ടറിന് 45 ദിവസത്തിനു ശേഷമുള്ള വിളകൾക്ക് 5000/- രൂപ |

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :447    26-03-2007 ൽ മറുപടിക്ക്

## കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>" പി. വിശ്വൻ<br>" എ.എം. യൂസഫ് | ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിന് നിലവിലുള്ള മാനദണ്ഡം എന്താണ്; വിശദാംശം വെളിപ്പെടുത്തുമോ; | (എ) 30 സെന്റിൽ കുറയാതെ സ്വന്തമായി കൃഷി ഭൂമി ഉള്ളവരും അതിൽ 75 ശതമാനമെങ്കിലും കാർഷിക ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന കർഷകരെയും 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെയും 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്യുന്ന കർഷകരെയും കാർഷിക കണക്ഷനുകൾക്കുള്ള പ്രത്യേക മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷൻ നൽകി വരുന്നു. |
| (ബി) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) ചില പ്രദേശങ്ങളിൽ ചെറിയ തോതിലുള്ള കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ വേണ്ട നടപടികൾ സത്വരമായി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :448 — 26-03-2007 ൽ മറുപടിക്ക്

ഇലക്ട്രോണിക് മീറ്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.സി. രാജഗോപാലൻ<br>" വി.എൻ. വാസവൻ<br>" ജോർജ് എം. തോമസ് | | ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) | |
| (എ) | പഴയ വൈദ്യുതി മീറ്ററുകൾ മാറ്റി ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | 1-4-2004 മുതൽ 28-2-07 വരെ 12,65,503 പഴയ വൈദ്യുതി മീറ്ററുകൾ മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു. |
| (ബി) | ഇലക്ട്രോണിക് മീറ്ററുകളെ സംബന്ധിച്ച പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | പരാതി ലഭിച്ചാലുടൻ തന്നെ അതു പരിശോധിച്ച് ആവശ്യമെന്നു കണ്ടാൽ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള കമ്പനിയിൽ നിന്നും മീറ്റർ വാങ്ങി വൈദ്യുതി ബോർഡിന്റെ അനുമതിയോടെ സ്ഥാപിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | വൈദ്യുതി മീറ്ററുകൾ അഞ്ചു വർഷത്തിലൊരിക്കലെങ്കിലും അംഗീകാരമുള്ള മീറ്റർ ടെസ്റ്റിംഗ് ലാബൊറട്ടറിയിൽ പരിശോധിക്കണമെന്ന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ അപ്രകാരമുള്ള പരിശോധന വൈദ്യുതി ബോർഡ് നടത്തുന്നുണ്ടോ; വൈദ്യുതി മീറ്ററുകളുടെ ശരിയായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി 2006 ൽ പുറപ്പെടുവിച്ച മീറ്റർ ടെസ്റ്റിംഗ് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം എല്ലാം ജില്ലകളിലും അംഗീകാരമുള്ള മീറ്റർ ടെസ്റ്റിംഗ് ലാബോറട്ടറികൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനു കീഴിൽ സ്ഥാപിച്ചുവരികയാണ്. വൈദ്യുതമീറ്ററുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനു വേണ്ടി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് നിശ്ചയിച്ച സ്പെസിഫിക്കേഷൻ എല്ലാ മീറ്ററുകൾക്കും ഉറപ്പു വരുത്തുന്നുണ്ട്. ഉപഭോക്താവിൽ നിന്ന് മീറ്റർ സംബന്ധമായി പരാതി ലഭിച്ചാൽ മീറ്റർ പരിശോധിച്ച് പരിഹാരം കാണുകയും ആവശ്യമെങ്കിൽ മീറ്റർ മാറ്റി വയ്ക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 449

26.03.2007-ൽ മറുപടിയ്ക്ക്

## ഇളനീർ പന്തലുകളും സഞ്ചരിക്കുന്ന ഇളനീർ പാർലറുകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. വി. സുരേന്ദ്രൻപിള്ള | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഇളനീർ പന്തലുകളും സഞ്ചരിക്കുന്ന ഇളനീർ പാർലറുകളും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് ഇളനീർ പന്തലുകളും, ഇളനീർ പാർലറുകളും എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. |
| ബി) ഇവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | ബി) വിലയിരുത്തിയിട്ടുണ്ട്. |
| സി) ഇവ സംസ്ഥാന വ്യാപകമായി നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) ഉണ്ട്. ഈ പദ്ധതി ഇപ്പോൾ തന്നെ സംസ്ഥാനാടിസ്ഥാനത്തിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. |
| ഡി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഡി) പ്രാദേശികമായി സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ഇ) സംരംഭകർക്ക് സാമ്പത്തികമായി എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | ഇ) ഇളനീർ പാർലറുകൾ അനുവദിക്കുന്ന കർഷകർക്ക് 25% സബ്സിഡിയായി പരമാവധി 12,500/- രൂപ സഹായധനം നൽകുന്നു. കൂടാതെ വായ്പ ആവശ്യമുള്ള കർഷകർക്ക് ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പ അനുവദിപ്പിച്ചുകൊടുക്കുന്നതിനുള്ള നടപടിയും കൃഷിഭവൻ മുഖാന്തിരം സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം:450

26/03/2007-ൽ മറുപടിക്ക്

## വൈദ്യുതി ദുരുപയോഗം തടയാൻ നടപടി

**ചോദ്യം**

ശ്രീ.കെ.വി. അബ്ദുൾ ഖാദർ എം.എൽ.എ
ശ്രീ. ബാബു.എം. പാലിശ്ശേരി.എം.എൽ.എ.
ശ്രീ. അൽഫോൺസ് കണ്ണന്താനം എം.എൽ.എ
ശ്രീ. ബി.ഡി.ദേവസ്സി.എം.എൽ.എ.
ശ്രീ.കെ.കെ.ജയചന്ദ്രൻ.എം.എൽ.എ.

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി)

എ. സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെയധികം വർദ്ധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച കണക്ക് വ്യക്തമാക്കുമോ;

എ. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ ശരാശരി പ്രതിദിന ഉപഭോഗം താഴെകൊടുക്കുന്നു.

| | |
|---|---|
| 2001-02 | : 34.11 MU |
| 2002-03 | : 34.23 ,, |
| 2003-04 | : 34.18 ,, |
| 2004-05 | : 35.17 ,, |
| 2005-06 | : 36.84 ,, |
| 2006-07 | : 39. 40 ,, |

(ഫെബ്രുവരി വരെ)

2007 മാർച്ച് മാസത്തിൽ പ്രതിദിന വൈദ്യുതി ഉപഭോഗം വീണ്ടും വർദ്ധിച്ച് 45 ദശലക്ഷം യൂണിറ്റിലധികമായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ അനുബന്ധം I & II ആയി ചേർക്കുന്നു.

ബി. വൈദ്യുതി പാഴാക്കുന്നത് തടയുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്താൻ പദ്ധതി തയ്യാറാക്കുമോ;

ബി. ഇലക്ട്രിസിറ്റി ബോർഡ്, അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, സന്നദ്ധ സംഘടനകൾ എന്നിവ വഴി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.

സി. പകൽ സമയത്ത് പലയിടത്തും തെരുവ് വിളക്കുകൾ കത്തിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ,

സി. & ഡി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
ഇതിൽ കുറ്റകരമായ വീഴ്ച വരുത്തുന്നവരുടെ പേരിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ഡി. എങ്കിൽ ഇതിന് ഉത്തരവാദി യാവർക്കെതിരെ നടപടി സ്വീകരിക്കുമോ;

ഇ. വർദ്ധിച്ച തോതിലുള്ള വൈദ്യുതി ഉല്പാദനത്തിന് ആവശ്യമായ വെള്ളം അണക്കെട്ടുകളിൽ ലഭ്യമാണോ?

ഇ. ലഭ്യമല്ല.

സെക്ഷൻ ഓഫീസർ.

# MONTHLY CONSUMPTION AND AVERAGE DAILY CONSUMPTION IN MU

| Month | 2001-2002 | | 2002-2003 | | 2003-2004 | | 2004-2005 | | 2005-2006 | | 2006-2007 | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Monthly | Daily Average | Monthly | Daily Average | Monthly | Daily Average | Monthly | Daily Average | Monthly | Daily Average | Monthly | Daily Average |
| Apr | 1043.47 | 34.78 | 1081.70 | 36.06 | 1009.86 | 33.66 | 1038.30 | 34.61 | 1091.10 | 36.37 | 1244.60 | 41.49 |
| May | 1105.75 | 36.86 | 1073.56 | 35.79 | 1087.18 | 36.24 | 933.85 | 31.13 | 1192.66 | 39.76 | 1199.15 | 39.97 |
| Jun | 987.33 | 32.91 | 1000.29 | 33.34 | 964.26 | 32.14 | 929.96 | 31.00 | 1038.23 | 34.61 | 1126.08 | 37.54 |
| Jul | 994.39 | 32.08 | 1042.30 | 33.62 | 961.55 | 31.02 | 1002.16 | 32.33 | 1024.97 | 33.06 | 1139.36 | 36.75 |
| Aug | 1044.10 | 33.68 | 1020.35 | 32.91 | 1011.13 | 32.62 | 984.09 | 31.74 | 1101.87 | 35.54 | 1186.94 | 38.29 |
| Sep | 1032.65 | 34.42 | 1005.63 | 33.52 | 993.98 | 33.13 | 1023.99 | 34.13 | 1071.55 | 35.72 | 1145.13 | 38.17 |
| Oct | 1065.29 | 34.36 | 996.63 | 32.15 | 1007.59 | 32.50 | 1036.20 | 33.43 | 1148.32 | 37.04 | 1201.88 | 38.77 |
| Nov | 1051.00 | 35.03 | 1014.62 | 33.82 | 1002.70 | 33.42 | 1039.74 | 34.66 | 1091.64 | 36.39 | 1189.87 | 39.66 |
| Dec | 1072.66 | 34.60 | 1035.87 | 33.42 | 1039.63 | 33.54 | 1099.17 | 35.46 | 1141.51 | 36.82 | 1239.02 | 39.97 |
| Jan | 1092.80 | 35.25 | 1074.62 | 34.67 | 1060.49 | 34.21 | 1118.70 | 36.09 | 1161.34 | 37.46 | 1261.15 | 40.68 |
| Feb | 986.30 | 35.23 | 999.30 | 35.69 | 1005.31 | 34.67 | 1040.23 | 37.15 | 1085.06 | 38.75 | 1177.68 | 42.06 |
| Mar | 1116.75 | 36.02 | 1100.41 | 35.50 | 1141.28 | 36.82 | 1202.23 | 38.78 | 1256.98 | 40.55 | | |

| Min. Draw Down Level(m) | Full Reservoir | | | RESERVOIR | Level (m) | Effective Storage (mcm) | Storage (%) | Gen. Capability (mu) | | RF mm | Spill mcm/day | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|
| | Level(m) | Stg.(mcm) | Stg.(mu) | | | | | Gross | Station | | | |
| RESERVOIR STATISTICS FOR 20.03.2007, Tuesday (Inflow for 19.03.2007, Monday) | | | | | | | | | | | | |
| 694.94 | 732.43 | 1460.00 | 2190.00 | IDUKKI | 716.53 | 679.60 | 46.55% | 1019.41 | 999.02 | | | 2350.83ft |
| 963.17 | 986.33 | 31.00 | 59.46 | PAMBA | 964.40 | 0.90 | 46.43% | 425.27 | 358.20 | | | |
| 908.30 | 981.46 | 446.54 | 856.47 | KAKKI | 964.43 | 220.83 | | | | | | |
| 779.37 | 811.68 | 149.23 | 152.06 | SHOLAYAR | 803.88 | 88.08 | 59.02% | 89.75 | 58.75 | | | |
| 115.00 | 169.00 | 1017.80 | 254.45 | IDAMALAYAR | 147.42 | 458.24 | 45.02% | 114.56 | 114.56 | | | |
| 1735.84 | 1758.70 | 7.79 | 22.74 | KUNDALA | 1758.60 | 7.71 | 99.01% | 116.34 | 50.41 | | | |
| 1554.48 | 1599.59 | 55.22 | 161.23 | MADUPPATTY | 1590.20 | 32.[illegible] | 58.32% | | | | | |
| | | | 3696.41 | *Group I Total* | | | 47.76% | 1765.52 | | | | |
| 737.62 | 758.04 | 33.99 | 41.47 | KUTTIADI | 744.69 | 7.04 | 20.72% | 66.60 | 66.60 | | | |
| 754.86 | 775.60 | 162.18 | 197.86 | THARIODE | 760.40 | 47.55 | 29.32% | | | | | |
| 1188.00 | 1207.01 | 48.97 | 65.62 | ANAYIRANKAL | 1202.75 | 30.45 | 62.18% | 76.94 | 27.09 | | | WL as on 06.03.2007 |
| 678.80 | 707.75 | 47.40 | 63.52 | PONMUDI | 699.20 | 26.97 | 56.90% | | | | | |
| | | | 368.46 | *Group II Total* | | | 38.96% | 143.55 | | | | |
| 445.00 | 456.59 | 5.56 | 4.83 | NERIAMANGALAM | 454.05 | 3.89 | 70.00% | 3.38 | 1.59 | | | |
| 405.69 | 423.98 | 30.36 | 10.62 | PORINGAL | 411.50 | 4.50 | 14.82% | 1.58 | 1.58 | | | |
| 844.86 | 847.60 | 1.61 | 0.71 | SENGULAM (SBR) | 846.55 | | 0.00% | 0.00 | | | | |
| 237.74 | 253.00 | 4.55 | 2.09 | LOWER PERIYAR | 251.00 | 3.69 | 81.10% | 1.70 | 1.70 | | | |
| 181.36 | 192.63 | 1.16 | 0.36 | KAKKAD | 187.15 | | 0.00% | 0.00 | | | | |
| | | | 18.62 | *Group III Total* | | | 37.93% | 6.66 | | | | |
| | | | 4083.49 | TOTAL | | | 46.91% | 1915.73 | | | | |

| | | | | | |
|---|---|---|---|---|---|
| Cumulative up-to-date inflow (Current water year) mu | 6902.07 | Last Year's Storage mu | 2076.35 | Inflow during the day, Mu | 4.41 |
| | | Diff.in storage-Last year mu | -160.62 | Cum. Inflow for the Month,Mu | 71.46 |
| Cumulative up-to-date inflow (Previous water year) mu | 8566.01 | Storage as on 3/20/2005 | 1346.21 | Anticipated inflow upto date, Mu | 42.32 |
| | | | | Anticipated Inflows for the month,Mu | 69.04 |
| *Prepared by:* | | Sunnykutty Mathew | | Assistant Engineer on duty | |
| *Checked by:* | S.Sheriff | Benkumar Babu | | Asst. Executive Engineer on duty | |

| Min.Draw Down Level(m) | Full Reservoir Level(m) | Full Reservoir Stg.(mcm) | Full Reservoir Stg.(mu) | RESERVOIR | Level (m) | Effective Storage (mcm) | Storage (%) | Gen. Capability (mu) Gross | Gen. Capability (mu) Station | RF mm | Spill mcm/day | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|
| **RESERVOIR STATISTICS FOR 20.03.2007, Tuesday (Inflow for 19.03.2007, Monday)** | | | | | | | | | | | | |
| 694.94 | 732.43 | 1460.00 | 2190.00 | IDUKKI | 716.53 | 679.60 | 46.55% | 1019.41 | 999.02 | | | 2350.83ft |
| 963.17 | 986.33 | 31.00 | 59.46 | PAMBA | 964.40 | 0.90 | 46.43% | 425.27 | 358.20 | | | |
| 908.30 | 981.46 | 446.54 | 856.47 | KAKKI | 964.43 | 220.83 | | | | | | |
| 779.37 | 811.68 | 149.23 | 152.06 | SHOLAYAR | 803.88 | 88.08 | 59.02% | 89.75 | 58.75 | | | |
| 115.00 | 169.00 | 1017.80 | 254.45 | IDAMALAYAR | 147.42 | 458.24 | 45.02% | 114.56 | 114.56 | | | |
| 1735.84 | 1758.70 | 7.79 | 22.74 | KUNDALA | 1758.60 | 7.71 | 99.01% | 116.54 | 50.41 | [illegible] | | |
| 1554.48 | 1599.59 | 55.22 | 161.23 | MADUPPATTY | 1590.[illegible] | 32.[illegible] | 58.[illegible]% | | | | | |
| | | | 3696.41 | *Group I Total* | | | 47.76% | 1765.52 | | | | |
| 737.62 | 758.04 | 33.99 | 41.47 | KUTTIADI | 744.69 | 7.04 | 20.72% | 66.60 | 66.60 | | | |
| 754.86 | 775.60 | 162.18 | 197.86 | THARIODE | 760.40 | 47.55 | 29.32% | | | | | |
| 1188.00 | 1207.01 | 48.97 | 65.62 | ANAYIRANKAL | 1202.75 | 30.45 | 62.18% | 76.94 | 27.09 | | | WL as on 06.03.2007 |
| 678.80 | 707.75 | 47.40 | 63.52 | PONMUDI | 699.20 | 26.97 | 56.90% | | | | | |
| | | | 368.46 | *Group II Total* | | | 38.96% | 143.55 | | | | |
| 445.00 | 456.59 | 5.56 | 4.83 | NERIAMANGALAM | 454.05 | 3.89 | 70.00% | 3.38 | 1.59 | | | |
| 405.69 | 423.98 | 30.36 | 10.62 | PORINGAL | 411.50 | 4.50 | 14.82% | 1.58 | 1.58 | | | |
| 844.86 | 847.60 | 1.61 | 0.71 | SENGULAM (SBR) | 846.55 | | 0.00% | 0.00 | | | | |
| 237.74 | 253.00 | 4.55 | 2.09 | LOWER PERIYAR | 251.00 | 3.69 | 81.10% | 1.70 | 1.70 | | | |
| 181.36 | 192.63 | 1.16 | 0.36 | KAKKAD | 187.15 | | 0.00% | 0.00 | | | | |
| | | | 18.62 | *Group III Total* | | | 37.93% | 6.66 | | | | |
| | | | 4083.49 | **TOTAL** | | | 46.91% | 1915.73 | | | | |

| | | | |
|---|---|---|---|
| Cumulative up-to-date inflow (Current water year) mu | 6902.07 | Last Year's Storage mu 2076.35 | Inflow during the day, Mu 4.41 |
| | | Diff.in storage-Last year mu -160.62 | Cum. Inflow for the Month,Mu 71.46 |
| Cumulative up-to-date inflow (Previous water year) mu | 8566.[illegible] | Storage as on 3/20/2005 1346.21 | Anticipated inflow upto date, Mu 42.32 |
| | | | Anticipated Inflow for the month,Mu 69.04 |
| *Prepared by:* | Sunnykutty Mathew | | Assistant Engineer on duty |
| *Checked by:* | S.Sheriff | Benkumar Babu | Asst. Executive Engineer on duty |